22
2022
ജനുവരി
ശനി
മകരം 8

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 225 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-225 | പേജ് 4. വില 2.00 രൂപ




02 കശുവണ്ടി വ്യവസായം; ആധുനീകരണത്തിന് മാസ്റ്റർ പ്ലാൻ

03 യുഎസ് കാനഡ അതിർത്തിയിൽ നാല് ഇന്ത്യക്കാർ തണുത്തു മരിച്ചു

04 സംസ്ഥാനത്ത് 41,668 പേർക്ക് കൂടി കോവിഡ്: ടിപിആർ 43.76

# കോവിഡ് കേസുകൾ ഉയരുന്നതിൽ ആശങ്കവേണ്ട: മന്ത്രി വീണാ ജോർജ്

## ■ സംസ്ഥാനത്തിന്റേത് ശാസ്ത്രീയ ഇടപെടൽ

തിരുവനന്തപുരം : കോവിഡ് കേസുകൾ ഉയരുന്നതിൽ ഭയമോ ആശങ്കയോ ഉണ്ടാകേണ്ട കാര്യമില്ലെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. ഓരോരുത്തരും ആരോഗ്യ സംരക്ഷണം ഉറപ്പാക്കുകയാണ് വേണ്ടത്. സമ്പൂർണ അടച്ചിടൽ ജനങ്ങളുടെ ജീവിതത്തേയും ജീവിതോപാധിയേയും സാരമായി ബാധിക്കും. സംസ്ഥാനമാകെ അടച്ച് പൂട്ടിയാൽ ജനങ്ങളെല്ലാം സാമ്പത്തിക പ്രതിസന്ധിയിലേക്ക് പോകും.

കടകൾ അടച്ചിട്ടാൽ വ്യാപാരികളെ ബാധിക്കും. വാഹനങ്ങൾ നിരത്തിലിറങ്ങാതെയിരുന്നാൽ അത് എല്ലാവരേയും ബാധിക്കും. അതിനാൽ തന്നെ ജനങ്ങളെ ബുദ്ധിമുട്ടിക്കാത്ത ശാസ്ത്രീയമായ സ്ട്രാറ്റജിയാണ് കേരളം ആവിഷ്ക്കരിച്ചിരിക്കുന്നത്. ജില്ലയിലെ ആശുപത്രികളിലെ രോഗികളുടെ എണ്ണം അനുസരിച്ചാണ് സംസ്ഥാനത്തെ ഇപ്പോഴത്തെ കോവിഡ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. മാധ്യമ പ്രവർത്തകരുമായി സംസാരിക്കുകയായിരുന്നു മന്ത്രി.

കോവിഡ് പ്രതിരോധനത്തിന് സംസ്ഥാനം ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത് ശാസ്ത്രീയമായ സ്ട്രാറ്റജിയാണ്. കോവിഡ് ഒന്നും രണ്ടും തരംഗത്തിൽ നിന്നും വ്യത്യസ്തമാണ് മൂന്നാം തരംഗം. ആദ്യ തരംഗത്തിൽ കോവിഡ് ബാധിച്ച് തുടങ്ങുമ്പോൾ ലോകത്താകമാനം വ്യക്തമായ പ്രോട്ടോകോളില്ലായിരുന്നു. അതിനാലാണ് രാജ്യമാകമാനം ലോക് ഡൗണിലേക്ക് പോയത്. രണ്ടാം തരംഗ സമയത്ത് ജനുവരിയോടെ കോവിഡ് വാക്സിനേഷൻ ആരംഭിച്ചു. സംസ്ഥാനത്ത് 2021 മേയ് 12ന് 43,529 ഏറ്റവും കൂടുതൽ കേസ് റിപ്പോർട്ട് ചെയ്തപ്പോൾ വാക്സിനേഷൻ 20 ശതമാനമാനത്തിനടുത്തായിരുന്നു. അതിന് ശേഷം പ്രത്യേക വാക്സിനേഷൻ ഡ്രൈവുകൾ ആവിഷ്ക്കരിച്ചു. ഇപ്പോൾ 18 വയസിന് മുകളിലുള്ളവരുടെ ആദ്യ ഡോസ് വാക്സിനേഷൻ 100 ശതമാനമാണ്. ഇതോടെ മഹാഭൂരിപക്ഷത്തിനും കോവിഡ് പ്രതിരോധ ശേഷി കൈവരിക്കാനായി. അതിനാലാണ് ഇപ്പോൾ കോവിഡ് കേസുകൾ ഉയരുന്നുണ്ടെങ്കിലും ആശുപത്രികളിലാകുന്നവരുടെ എണ്ണം വളരെ കുറവാകുന്നത്.



നിലവിൽ ആകെ 1,99,041 കോവിഡ് ആക്ടീവ് കേസുകളിൽ 3 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. മെഡിക്കൽ കോളേജുകളിലെ ഐസിയുവിൽ പ്രവേശിക്കുന്നവരുടെ എണ്ണവും കുറഞ്ഞിട്ടുണ്ട്. ഡെൽറ്റ വകഭേദത്തെ അപേക്ഷിച്ച് ഒമിക്രോൺ വകഭേദം പെട്ടന്ന് വ്യാപിക്കുമെങ്കിലും ഗുരുതരാവസ്ഥ കുറവാണ്. എങ്കിലും പ്രായമായവരിലും അനുബന്ധ രോഗമുള്ളവരിലും വാക്സിനെടുക്കാത്തവരിലും രോഗം ബാധിച്ചാൽ ഗുരുതരമാകാൻ സാധ്യതയുണ്ട്.

ടിപിആർ മാനദണ്ഡമാക്കുന്നത് വളരെ മുമ്പ് തന്നെ മാറ്റം വരുത്തിയിരുന്നു. ഇപ്പോൾ ടിപിആർ മാനദണ്ഡമാക്കുന്നില്ല. കേന്ദ്ര സർക്കാരിന്റെ മാർഗനിർദേശങ്ങളനുസരിച്ച് രോഗലക്ഷണമുള്ളവർക്ക് കോവിഡ് പരിശോധന നടത്തിയാൽ മതി. അതിനാൽ പരിശോധന നടത്തുന്ന വലിയൊരു വിഭാഗത്തിനും കോവിഡ് വരാൻ സാധ്യതയുണ്ട്. അപ്പോൾ സ്വാഭാവികമായും ടിപിആർ ഉയർന്നു നിൽക്കും.

മൂന്നാം തരംഗം മുന്നിൽ കണ്ട് ഐസിയു, വെന്റിലേറ്റർ, ഓക്സിജൻ, പീഡിയാട്രിക് സൗകര്യങ്ങൾ എന്നിവ വലിയ തോതിൽ വർധിപ്പിച്ചു. 25 ആശുപത്രികളിൽ 194 പുതിയ ഐസിയു യൂണിറ്റുകൾ, 19 ആശുപത്രികളിലായി 146 എച്ച്ഡിയു യൂണിറ്റുകൾ, 10 ആശുപത്രികളിലായി 36 പീഡിയാട്രിക് ഐസിയു യൂണിറ്റുകൾ എന്നിവ സജ്ജമാക്കി. ഇതുകൂടാതെ സെന്റർ ഓഫ് എക്സലൻസിന്റെ ഭാഗമായി തിരുവനന്തപുരം എസ്എടി ആശുപത്രിയിലും എറണാകുളം മെഡിക്കൽ കോളേജ് ആശുപത്രിയിലും 12 കിടക്കകൾ വീതമുള്ള ഐസിയു, എച്ചിഡിയു കിടക്കളും സജ്ജമാക്കി. ആകെ 400 ഐസിയു, എച്ച്ഡിയു യൂണിറ്റുകളാണ് സജ്ജമാക്കിയത്. ചെറിയ കുഞ്ഞുങ്ങൾ മുതലുള്ള കുട്ടികൾക്കുള്ള 99 വെന്റിലേറ്ററുകൾ, കുട്ടികൾക്കും മുതിർന്നവർക്കുമുള്ള 66 വെന്റിലേറ്ററുകൾ, 100 പീഡിയാട്രിക് അഡൾട്ട് വെന്റിലേറ്ററുകൾ, 116 നോൺ ഇൻവേസീവ് വെന്റിലേറ്ററുകൾ ഉൾപ്പെടെ ആകെ 381 പുതിയ വെന്റിലേറ്ററുകൾ സജ്ജമാക്കി. ഇതുകൂടാതെ 147 ഹൈ ഫ്ളോ വെന്റിലേറ്ററുകളുടെ വിതരണം പുരോഗമിക്കുന്നു.

മെഡിക്കൽ കോളേജുകളിൽ 239 ഐസിയു, ഹൈ കെയർ കിടക്കകൾ, 222 വെന്റിലേറ്റർ, 85 പീഡിയാട്രിക് ഐസിയു കിടക്കകൾ, 51 പീഡിയാട്രിക് വെന്റിലേറ്ററുകൾ, 878 ഓക്സിജൻ കിടക്കൾ, 113 സാധാരണ കിടക്കകൾ എന്നിവ ഉൾപ്പെടെ 1588 കിടക്കൾ പുതുതായി സജ്ജമാക്കിയിട്ടുണ്ട്.

ലിക്വിഡ് ഓക്സിജന്റെ സംഭരണ ശേഷിയും വർധിപ്പിച്ചിട്ടുണ്ട്. സർക്കാർ സ്വകാര്യ മേഖലകളിലായി നിലവിൽ 1817.54 മെട്രിക് ടൺ ലിക്വിഡ് ഓക്സിജൻ സംഭരണ ശേഷിയുണ്ട്. 159.6 മെട്രിക് ടൺ അധിക സംഭരണശേഷി സജ്ജമാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

എല്ലാവരും ഒന്നിച്ച് പ്രവർത്തിക്കേണ്ട സമയമാണിത്. ക്വാറന്റെനിലുള്ള ഡോക്ടർമാർ പോലും ഇ സഞ്ജീവനി ടെലി മെഡിസിൻ സേവനങ്ങൾക്കായി മുന്നോട്ട് വരുന്നത് അഭിനന്ദനാർഹമാണ്. ഗൃഹ പരിചരണം സംബന്ധിച്ച് ആർആർടി, വാർഡ് സമിതി അംഗങ്ങൾ, ആശാവർക്കർമാർ, തദ്ദേശ സ്ഥാപന ജീവനക്കാർ, വനിത ശിശുവികസന വകുപ്പിന് കീഴിലുള്ള അങ്കണവാടി ഐസിഡിഎസ് പ്രവർത്തകർ എന്നിവർക്ക് ശനിയാഴ്ച പരിശീലനം നൽകുന്നുണ്ട്. എല്ലാവരും കോവിഡ് മാനദണ്ഡങ്ങൾ ഉറപ്പാക്കണമെന്നും മന്ത്രി വ്യക്തമാക്കി.

## വിദ്വേഷ പ്രസംഗം ക്രിമിനൽ കുറ്റം: റിട്ട. ജസ്റ്റിസ് ആർ എഫ് നരിമാൻ

മുംബൈ: വിദ്വേഷ പ്രസംഗങ്ങൾ ക്രിമിനൽ കുറ്റമാണെങ്കിലും ഇതിന ഭരണകക്ഷികൾ പ്രോത്സാഹിപ്പിക്കുന്നത് രാജ്യത്ത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നും സുപ്രീം കോടതി മുൻ ജസ്റ്റിസ് റോഹിൻടൺ നരിമാൻ. മുംബൈയിലെ ഡി എം ഹാരിഷ് സ്കൂൾ ഓഫ് ലോയിൽ ഒരു പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിദ്വേഷ പ്രസംഗങ്ങൾ നടത്തുന്നവർക്കെതിരെ അധികാരികൾ നടപടി എടുക്കാതിരിക്കുകയുമാണ്. നമ്മെ ഭരിക്കുന്ന പാർട്ടിയിലെ ഉയർന്ന തട്ടുകളെല്ലാം വിദ്വേഷ പ്രസംഗങ്ങൾക്ക് നേരെ മൗനം പാലിക്കുക മാത്രമല്ല, അതിനെ അംഗീകരിക്കുക കൂടി ചെയ്യുന്നു. ഉപരാഷ്ട്രപതി വെങ്കയ്യ നായിഡു തിരുവനന്തപുരത്ത് വെച്ച് നടത്തിയ 'വിദ്വേഷപ്രസംഗം ഭരണഘടനാ വിരുദ്ധമാണ്' എന്ന പ്രസ്താവനയെ ഉദ്ധരിച്ചുകൊണ്ട് 'അൽപം വൈകിയെങ്കിലും ഇത് കേൾക്കുന്നത് ആശ്വാസകരമാണെന്നും നരിമാൻ പറഞ്ഞു.

ഭരണകൂടത്തെ വിമർശിക്കുന്നവരെ രാജ്യദ്രോഹക്കുറ്റം ചുമത്തി തുറങ്കലിലടക്കുന്ന നടപടിക്കെതിരെയും അദ്ദേഹം ശക്തമായി രംഗത്തെത്തി. രാജ്യദ്രോഹക്കുറ്റ നിയമം പൂർണമായും എടുത്ത് മാറ്റേണ്ട സമയമായെന്ന് നരിമാൻ പറഞ്ഞു. അക്രമത്തിൽ കലാശിക്കാത്ത പക്ഷം, ആളുകളുടെ അഭിപ്രായ സ്വാതന്ത്ര്യത്തിനുള്ള അവകാശം അംഗീകരിക്കേണ്ട സമയമായെന്നും അദ്ദേഹം പറഞ്ഞു. യുഎപിഎ നിയമത്തിന് കീഴിലെ രാജ്യദ്രോഹമടക്കമുള്ള 124എ വകുപ്പ് റദ്ദാക്കണമെന്ന് മുമ്പും ഇദ്ദേഹം ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സുപ്രീംകോടതി ഇടപെടൽ ആവശ്യമാണെന്നും വിരമിച്ചതിന് ശേഷം നടത്തിയ ഒരു പ്രസ്താവനയിൽ നരിമാൻ പറഞ്ഞിരുന്നു.

## കാസർഗോട്ടെ സമ്മേളനം അവസാനിപ്പിച്ചത് കോടതി ഉത്തരവ് അനുസരിച്ച്; തൃശൂരിൽ ബാധകമല്ല: കോടിയേരി

തിരുവനന്തപുരം: കാസർഗോട്ടെ സിപിഎം ജില്ലാ സമ്മേളനം അവസാനിപ്പിച്ചത് ഹൈക്കോടതി ഉത്തരവിൻറെ അടിസ്ഥാനത്തിലാണെന്നും എന്നാൽ ഈ ഉത്തരവ് തൃശൂരിൽ ബാധകമല്ലെന്നും സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ.

കോടതി ഉത്തരവ് സിപിഎമ്മിൻറെ ഭാഗം കേൾക്കാതെയാണെന്നും അദ്ദേഹം പറഞ്ഞു.

ആലപ്പുഴ ജില്ലാ സമ്മേളനത്തിൻറെ കാര്യം പിന്നീട് തീരുമാനിക്കുമെന്നും കോടിയേരി പറഞ്ഞു. ഈ മാസം 28 മുതൽ 30 വരെയാണ് ആലപ്പുഴ ജില്ലാ സമ്മേളനം. തൃശൂരിൽ ഇന്നാണ് സിപിഎം ജില്ലാ സമ്മേളനം ആരംഭിച്ചത്. സമ്മേളനം ശനിയാഴ്ച അഞ്ചോടെ അവസാനിപ്പിക്കുമെന്നാണ് സിപിഎം അറിയിച്ചിരിക്കുന്നത്. കോവിഡ് പശ്ചാത്തലത്തിൽ മൂന്ന് ദിവസത്തെ സമ്മേളനം രണ്ട് ദിവസമാക്കി ചുരുക്കുകയായിരുന്നു.

കോവിഡ് വ്യാപനത്തിൻറെ പശ്ചാത്തലത്തിലാണ് കാസർകോട് ജില്ലയിൽ 50 പേരിൽ കൂടുതൽ പങ്കെടുക്കുന്ന സമ്മേളനങ്ങൾ ഹൈക്കോടതി വിലക്കിയത്. ഒരാഴ്ചത്തേക്കാണ് ഉത്തരവിന് പ്രാബല്യം. റിപ്പബ്ലിക് ദിനാഘോഷത്തിൽ പോലും ആളുകളുടെ എണ്ണം പരിമിതപ്പെടുത്തിയിട്ടുണ്ട്. രാഷ്ട്രീയപാർട്ടികളുടെ സമ്മേനങ്ങൾക്ക് എന്താണ് പ്രത്യേകതയെന്നും കോടതി ചോദിച്ചു.

## ജീവനക്കാരില്ല; കെഎസ്ആർടിസിയിൽ സർവീസ് റദ്ദാക്കൽ, വരുമാന നഷ്ടം

ചാത്തന്നൂർ: കെഎസ്ആർടിസിയിൽ ജീവനക്കാരുടെ അഭാവം മൂലം ബസ് സർവീസുകൾ റദ്ദാക്കേണ്ടിവരുന്നതു തിരിച്ചടിയാവുന്നു. ഇതു മൂലം വരുമാനത്തിൽ കാര്യമായ നഷ്ടം ഉണ്ടാകുന്നു. ദക്ഷിണമേഖലയിൽ ഇന്നലെ 150ലധികം സർവീസുകളാണ് റദ്ദ് ചെയ്യേണ്ടി വന്നത്.




ലാഭകരമായ സർവീസുകളുടെ പട്ടികയിൽപ്പെടുന്ന എ, ബി വിഭാഗങ്ങളിൽപ്പെട്ട സർവീസുകളും മുടങ്ങി. എന്നാൽ, ലാഭകരമല്ലാത്ത സർവീസുകൾ അയച്ചതായും കണ്ടെത്തി. സർവീസുകൾ റദ്ദാക്കാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കണമെന്നു ദക്ഷിണ മേഖല എക്സിക്യൂട്ടീവ് ഡയറക്ടർ യൂണിറ്റ് അധികൃതർക്കു നിർദേശം നല്കി.

ഓപ്പേറേറ്റിംഗ് വിഭാഗം ജീവനക്കാരെകൊണ്ട് നിർബന്ധമായും 20 ഫിസിക്കൽ ഡ്യൂട്ടി ചെയ്യിക്കണം. 2019ൽ ഓപ്പറേറ്റ് ചെയ്തിരുന്നതും എ, ബി, പൂളിൽപ്പെടുന്നതുമായ ഷെഡ്യൂളുകൾ യാതൊരു കാരണവശാലും റദ്ദാക്കരുത്.

യൂണിറ്റുകളിൽ പ്രതിദിനം അവലോകന യോഗം ചേർന്ന് അടുത്ത ദിവസത്തെ ഷെഡ്യൂളുകൾ നടത്തുന്നതിനു തയാറെടുപ്പുകൾ നടത്തണം. ലഭ്യമായ ജീവനക്കാരെ പരമാവധി പ്രയോജനപെടു ത്തി സർവീസുകൾ മുടക്കമില്ലാതെ നടത്തണം. ജീവനക്കാരുടെ കുറവുണ്ടെങ്കിൽ ആ ഷെഡ്യൂളുകൾ ജീവനക്കാർ അധികമുള്ള ഡിപ്പോകളിലേയ്ക്കു മാറ്റുമെന്നും നിർദേശം നല്കിയിട്ടുണ്ട്.

## വോട്ടിങ് യന്ത്രം: ഹർജി സുപ്രീംകോടതി പരിഗണിക്കും

ന്യൂഡൽഹി: ഇലക്ട്രോണിക് വോട്ടിങ് മെഷീനുകളുടെ (ഇവിഎം) ഉപയോഗത്തിന് അനുമതി നൽകുന്ന ജനപ്രാതിനിധ്യ നിയമത്തിലെ വ്യവസ്ഥയുടെ ഭരണഘടനാ സാധുത പരിശോധിക്കണമെന്നാവശ്യപ്പെട്ടുള്ള പൊതുതാല്പര്യ ഹർജി സുപ്രീം കോടതി പരിഗണിക്കും.

അഞ്ച് സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പുകളുടെ പശ്ചാത്തലത്തിൽ ഹർജിയിൽ അടിയന്തരമായി വാദം കേൾക്കണമെന്ന് ആവശ്യപ്പെട്ട് അഭിഭാഷകനായ എം എൽ ശർമ സമർപ്പിച്ച അപേക്ഷയിൽ, മറ്റേതെങ്കിലും ബെഞ്ച് വാദം കേൾക്കുമെന്ന് ചീഫ് ജസ്റ്റിസ് എൻ വി രമണ അധ്യക്ഷനായ ബെഞ്ച് അറിയിച്ചു.

ഇവിഎമ്മുകൾ ഉപയോഗിക്കാൻ അനുമതി നൽകുന്ന ജനപ്രാതിനിധ്യ നിയമത്തിലെ 61എ വകുപ്പ് പാർലമെന്റ് പാസാക്കിയിട്ടില്ലെന്നും ഇവിഎം ഉപയോഗം നിർബന്ധിതമായി അടിച്ചേൽപ്പിക്കാൻ കഴിയില്ലെന്നും ശർമ ചൂണ്ടിക്കാട്ടി.

## പരിശോധന കൂട്ടും: പ്രതിരോധം ശക്തമാക്കാനൊരുങ്ങി കോർപറേഷൻ

കോഴിക്കോട് : പരിശോധന കൂട്ടുന്നതടക്കമുള്ള കോവിഡ് പ്രതിരോധ നടപടികൾ ശക്തമാക്കാനൊരുങ്ങി കോർപറേഷൻ. മേയർ ഡോ. ബീനാ ഫിലിപ്പ് അധ്യക്ഷയായുള്ള കോവിഡ് അവലോകന യോഗത്തിലാണ് തീരുമാനം. പഴയ രീതിയിൽ ആന്റിജൻ പരിശോധനകൾ നടത്തണമെന്നും ആന്റിജൻ കിറ്റിന്റെ ലഭ്യത ഉറപ്പാക്കണമെന്നും സർക്കാരിനോട് ആവശ്യപ്പെടും. ആർആർടി പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്താനും തീരുമാനിച്ചു. കലക്ടർ ഡോ. തേജ് ലോഹിത് റെഡ്ഡി, ഡെപ്യൂട്ടി പൊലീസ് കമീഷണർ ആമോസ് മാമ്മൻ, ഡിഎംഒ ഡോ. ഉമ്മർ ഫാറൂഖ്, ഡിപിഎം ഡോ. നവീൻ, കോർപറേഷൻ ആരോഗ്യസമിതി ചെയർപേഴ്സൺ ഡോ. എസ് ജയശ്രീ തുടങ്ങിയവർ സംസാരിച്ചു.

മറ്റു പ്രധാന തീരുമാനങ്ങൾ



കോവിഡ് ബാധിതരെ താമസിപ്പിക്കുന്നതിന് ഹോസ്റ്റൽ അധികൃതരുടെ സ്വന്തം ഉത്തരവാദിത്വത്തിൽ പ്രത്യേക ഭാഗം മാറ്റിവച്ച് വേണ്ട സൗകര്യം ഏർപ്പെടുത്തണം. ഇക്കാര്യം ആരോഗ്യവിഭാഗത്തെയും ജില്ലാ മെഡിക്കൽ ഓഫീസറെയും അറിയിക്കണം.

കാരപ്പറമ്പ് ഹോമിയോ കോളേജിൽ പുതുതായി എസ്എൽടിസി തുടങ്ങും.

വിദേശത്തു നിന്നെത്തുന്നവരുടെ ക്വാറന്റെൻ മോണിറ്ററിങ് ആർആർടിയുടെയും കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെയും സഹകരണത്തോടെ നടപ്പാക്കും.

മെഡിക്കൽ ഷോപ്പുകളിൽ നിന്ന് കിറ്റ് വാങ്ങി പരിശോധിക്കുന്നവരുടെ പേരും മൊബൈൽ നമ്പറും രജിസ്റ്ററിൽ രേഖപ്പെടുത്തണം. രജിസ്റ്റർ ഹെൽത്ത് സർക്കിൾ ഓഫീസിൽ ലഭ്യമാക്കാൻ മെഡിക്കൽ ഷോപ്പുകൾക്ക് നിർദേശം നൽകും.

പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കോർപറേഷൻ പരിധിയിലെ ആശുപത്രികളുടെ യോഗം വിളിക്കും.

കോർപറേഷൻ നേരിട്ട് നടത്തുന്ന ഹെൽത്ത് സെന്ററുകൾ, എൻഎച്ച്എമ്മിന്റെ സെന്ററുകൾ, ആരോഗ്യവകുപ്പിന് കീഴിലുള്ള സെന്ററുകൾ എന്നിവയുടെ പ്രവർത്തന ഏകോപനത്തിന് സംയുക്ത യോഗം വിളിക്കും.

പൊലീസിന്റെ അധീനതയിലുള്ള അക്ഷയപാത്രം പദ്ധതി മുഖേന മാത്രമേ നഗരത്തിൽ തെരുവുകളിലുള്ളവർക്ക് ഭക്ഷണ വിതരണം നടത്താവൂ. നഗരം മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായാണിത്.

നാടോടി സംഘങ്ങളെയും ട്രാഫിക് സിഗ്നലുകളിൽ വഴിവാണിഭം നടത്തുന്നവരെയും നിയന്ത്രിക്കുന്നതിനായി പൊലീസിന്റെയും ആരോഗ്യവിഭാഗത്തിന്റെയും സംയുക്ത പരിശോധന നടത്തും.

മറ്റ് അസുഖങ്ങളുള്ളവർ, വാക്സിനേഷൻ എടുക്കാൻ കഴിയാത്തവർ എന്നിവരെ വാർഡ് സമിതികൾ, വാർഡ് ആർആർടികൾ എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേകം മോണിറ്ററിങ് ചെയ്യും.

## ഇന്ത്യയെ തൂത്തെറിഞ്ഞു; ദക്ഷിണാഫ്രിക്കയ്ക്ക് പരമ്പര

പാൾ: ടെസ്റ്റ് പരമ്പരയ്ക്ക് പിന്നാലെ ഇന്ത്യയെ തകർത്ത് ഏകദിന പരമ്പരയും ദക്ഷിണാഫ്രിക്കയ്ക്ക്. ഏഴ് വിക്കറ്റിനാണ് ദക്ഷിണാഫ്രിക്ക വിജയം നേടിയത്. ടോസ് നേടി ബാറ്റിംഗ് തെരഞ്ഞെടുത്ത ഇന്ത്യ 50 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 287 റൺസെടുത്തു.

മറുപടി ബാറ്റിംഗിന് ഇറങ്ങിയ ദക്ഷിണാഫ്രിക്കയുടെ ഓപ്പണർമാരായ ക്വിൻറൺ ഡി കോക്ക് ജെന്നെമൻ മാലൻ സഖ്യം 132 റൺസ് നേടി. ക്യാപ്റ്റൻ ടെംബ ബവുമ 35 റൺസെടുത്തു. എയ്ഡൻ മാർക്രം (37), റസി വാൻ ഡെർ സസ്സൻ (37) എന്നിവർ പുറത്താകാതെ നിന്ന് ടീമിനെ വിജയത്തിലേക്ക് നയിച്ചു

ഇന്ത്യക്കായി ജസ്പ്രിത് ബുമ്ര, യുസ്‌വേന്ദ്ര ചഹൽ, ശാർദുൽ ഠാക്കൂർ എന്നിവർ ഓരോ വിക്കറ്റുകൾ വീഴ്ത്തി. 48.1 ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിലാണ് ദക്ഷിണാഫ്രിക്ക വിജയം നേടിയത്. ഇതോടെ ആദ്യ രണ്ട് ഏകദിനവും സ്വന്തമാക്കി മൂന്ന് മത്സരങ്ങളുടെ പരമ്പര ദക്ഷിണാഫ്രിക്ക സ്വന്തമാക്കി.



മൃഗക്ഷേമ ദ്വൈവാരാചരണം കൊട്ടിയം എൻ.എസ്.എസ്. കോളജിൽ അസിസ്റ്റന്റ് കലക്ടർ ഡോ. അരുൺ എസ്. നായർ ഉദ്ഘാടനം ചെയ്യുന്നു

# പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണം: മന്ത്രി പി. എ. മുഹമ്മദ് റിയാസ്

പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ ജില്ലയിൽ നടക്കുന്ന വലുതും ചെറുതുമായ നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഒരുമിച്ച് പ്രവർത്തിക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി പി. എ. മുഹമ്മദ് റിയാസ്. ജില്ലാ കലക്ടർ അഫ്സാന പർവീണിന്റെ അദ്ധ്യക്ഷതയിൽ ഓൺലൈനായി വിളിച്ചു ചേർത്ത ജില്ലാ ഇൻഫർമേറ്റീവ് കോഡിനേഷൻ കമ്മിറ്റിയിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

ആശ്രാമം ലിങ്ക് റോഡിന്റെ എക്സ്റ്റൻഷൻ പ്രവൃത്തിയിലുള്ള കാലതാമസം പരിഹരിക്കുന്നതിന് കലക്ടറുടെ നേതൃത്വത്തിൽ യോഗം വിളിക്കാൻ മന്ത്രി നിർദ്ദേശം നൽകി.ഓരോ നിയോജകമണ്ഡലത്തിലും നടക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ മണ്ഡലത്തിന്റെ ചുമതലയുള്ള എം.എൽ.എമാരെ അറിയിക്കണം. നോഡൽ ഓഫീസർമാരെ ഇതിനായി ചുമതലപ്പെടുത്തണം. വർഷത്തിൽ മൂന്നു തവണ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെട്ട ഡി.ഐ.സി.സി വിളിച്ചു ചേർത്ത് പദ്ധതി പുരോഗതി പരിശോധിക്കും. മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ടുള്ള നിർമാണ പ്രവർത്തനങ്ങൾക്ക് വരുന്ന കാലതാമസം ഒഴിവാക്കാൻ 'റൈറ്റ് ഓഫ് വേ' ഓൺലൈൻ സംവിധാനം നടപ്പിലാക്കും. മന്ത്രി അറിയിച്ചു.

റോഡ്, പാലം, കെട്ടിടം തുടങ്ങിയ വിഭാഗങ്ങളിൽ ജില്ലയിലുടനീളം നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി മന്ത്രി വിലയിരുത്തി. നടപടികൾ ആവശ്യമായവ സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ടു. ഉദ്യോഗസ്ഥർക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരിശീലനം ആവശ്യമായ സന്ദർഭങ്ങളിൽ നൽകാൻ ചീഫ് എൻജിനീയർക്ക് നിർദ്ദേശം നൽകി.

ക്ഷീര വികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചു റാണി, എം.എൽ.എമാരായ എം. നൗഷാദ്, കോവൂർ കുഞ്ഞുമോൻ, സുജിത്ത് വിജയൻ പിള്ള, പി.എസ്. സുപാൽ, കെ.ബി. ഗണേഷ് കുമാർ, പി.സി. വിഷ്ണുനാഥ്, സി.ആർ. മഹേഷ് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ആനന്ദ് സിംഗ് , ചീഫ് എൻജിനീയർമാരായ അജിത് രാമചന്ദ്രൻ, എസ്. മനോ മോഹനൻ, എൽ. ബീന, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു

# മതസൗഹാർദം തകർക്കാൻ ശ്രമിക്കുമെന്ന് കരുതുന്നില്ല: ഹൈക്കോടതി

കൊച്ചി : അയ്യപ്പസ്വാമിയും വാവരും വെളുത്തച്ചനും തമ്മിലുള്ള സൗഹൃദം സംബന്ധിച്ച ഐതിഹ്യം എടുത്തുകാട്ടിയ ഹൈക്കോടതി, കേരളത്തിൽ ആഴത്തിൽ വേരൂന്നിയ മതസൗഹാർദം തകർക്കാൻ ആരെങ്കിലും ശ്രമിക്കുമെന്നു കരുതുന്നില്ലെന്ന് അഭിപ്രായപ്പെട്ടു. കരുനാഗപ്പള്ളി ക്ലാപ്പന ഗ്രാമ പഞ്ചായത്തിൽ മുസ്‌ലിം പള്ളിക്കു നിർമാണ അനുമതി നൽകിയതു ചോദ്യം ചെയ്തു നൽകിയ ഹർജി തള്ളിയാണ് ചീഫ് ജസ്റ്റിസ് എസ്.മണികുമാർ, ജസ്റ്റിസ് ഷാജി പി.ചാലി എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് മത ഐക്യത്തെക്കുറിച്ച് ഓർമിപ്പിച്ചത്.

അയ്യപ്പ സ്വാമിയും മുസ്‌ലിം വിഭാഗത്തിലെ വാവരും ക്രിസ്ത്യൻ വിഭാഗത്തിലെ അർത്തുങ്കൽ വെളുത്തച്ചനും തമ്മിലുള്ള സൗഹൃദം സംബന്ധിച്ച ഐതിഹ്യം കേരളത്തിലെ സാമുദായിക ഐക്യത്തെക്കുറിച്ചു വിവരിക്കുന്നതാണെന്നു കോടതി പറഞ്ഞു. തീർഥാടന കാലത്തു ഭക്തർ ശബരിമല കൂടാതെ, വാവർ പള്ളിയും അർത്തുങ്കൽ ബസിലിക്കയും സന്ദർശിക്കുന്നു. ഇവർ അയ്യപ്പ ഭക്തർക്കു ആതിഥേയത്വം നൽകാൻ ഹൃദയപൂർവം ഒരുക്കങ്ങൾ നടത്തുന്നു. തീർഥാടന കാലത്തിന്റെ അവസാനം മുസ്‌ലിം പള്ളി ചന്ദനക്കുടം നടത്തുന്നു. ശബരിമല ക്ഷേത്രത്തിൽ വാവർ നടയുമുണ്ട്. ഇത്തരം ആചാരങ്ങൾ കേരളത്തിൽ പല ഉത്സവങ്ങളിലും പിന്തുടരുന്നുമുണ്ട്. കേരളത്തിന്റെ സാംസ്കാരിക,മത പ്രകൃതിയിൽ ഈ രീതിയിലുള്ള മതസൗഹാർദം പരന്നു കിടക്കുകയാണ്. മതങ്ങൾ തമ്മിലുള്ള ശക്തമായ ഈ ബന്ധം തകർക്കാൻ ഏതെങ്കിലും പൗരൻമാർ ശ്രമിക്കുമെന്നു തോന്നുന്നില്ലെന്നും ഡിവിഷൻ ബെഞ്ച് പറഞ്ഞു. കരുനാഗപ്പള്ളി സ്വദേശികളായ 2 പേരാണു ഹർജി നൽകിയത്.

# അതിവേഗം വ്യാപാര ഇടനാഴിയുടെ കേന്ദ്രമായി ത്രിപുര മാറി: പ്രധാനമന്ത്രി

ന്യൂഡൽഹി : ത്രിപുരയുടെ സ്ഥാപനത്തിനും വികസനത്തിനും സംഭാവന നൽകിയ ജനങ്ങളെ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ആദരിച്ചു. മാണിക്യ രാജവംശത്തിന്റെ കാലഘട്ടം മുതൽ സംസ്ഥാനത്തിന്റെ അന്തസ്സിനു നൽകിയ സംഭാവനയും അദ്ദേഹം ഓർമിച്ചു. സംസ്ഥാനത്തെ ജനങ്ങളുടെ ഐക്യത്തെയും കൂട്ടായ പ്രവർത്തനത്തെയും പ്രശംസിക്കുകയും ചെയ്തു. ഇന്ന് ത്രിപുരയുടെ 50ാം സംസ്ഥാന രൂപീകരണ ദിനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മൂന്ന് വർഷത്തെ അർത്ഥവത്തായ വികസനത്തിന് അടിവരയിട്ട പ്രധാനമന്ത്രി, ഇരട്ട എൻജിൻ ഗവൺമെന്റിന്റെ അശ്രാന്ത പരിശ്രമത്തിന് കീഴിൽ ത്രിപുര അവസരങ്ങളുടെ നാടായി മാറുകയാണെന്നും പറഞ്ഞു. പല വികസന മാനദണ്ഡങ്ങളിലും സംസ്ഥാനത്തിന്റെ മികച്ച പ്രകടനം എടുത്തുകാട്ടി, കണക്റ്റിവിറ്റി അടിസ്ഥാന സൗകര്യത്തിന്റെ നിർമ്മാണത്തിലൂടെ സംസ്ഥാനം അതിവേഗം വ്യാപാര ഇടനാഴിയുടെ കേന്ദ്രമായി മാറുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇന്ന്, റോഡുകൾക്കൊപ്പം, റെയിൽപ്പാതകളും, വായു, ഉൾനാടൻ ജലപാതകളും ത്രിപുരയെ ലോകത്തിന്റെ മറ്റു ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്നു. ഇരട്ട എഞ്ചിൻ ഗവൺമെന്റ് ത്രിപുരയുടെ ദീർഘകാല ആവശ്യം നിറവേറ്റുകയും ബംഗ്ലാദേശിലെ ചിറ്റഗോംഗ് തുറമുഖത്തേക്ക് പ്രവേശനം നേടുകയും ചെയ്തു. 2020ൽ അഖൗറ ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റ് വഴി ബംഗ്ലാദേശിൽ നിന്ന് സംസ്ഥാനത്തിന് ആദ്യത്തെ കാർഗോ ലഭിച്ചു. മഹാരാജ ബിർ ബിക്രം വിമാനത്താവളത്തിന്റെ സമീപകാല വിപുലീകരണവും പ്രധാനമന്ത്രി പരാമർശിച്ചു. പാവപ്പെട്ടവർക്ക് അടച്ചുറപ്പുള്ള വീടുകൾ നൽകുന്നതിലും ഭവന നിർമ്മാണത്തിൽ പുതിയ സാങ്കേതിക വിദ്യയുടെ ഉപയോഗം സംബന്ധിച്ചും സംസ്ഥാനത്തെ മികച്ച പ്രവർത്തനങ്ങളെ കുറിച്ച് പ്രധാനമന്ത്രി സംസാരിച്ചു. ഈ ഭവന പദ്ധതികൾ (എൽഎച്ച്പി) ആറ് സംസ്ഥാനങ്ങളിൽ നടക്കുന്നുണ്ട്, അതിലൊന്നാണ് ത്രിപുര. കഴിഞ്ഞ മൂന്ന് വർഷത്തെ പ്രവർത്തനങ്ങൾ ഒരു തുടക്കം മാത്രമാണെന്നും ത്രിപുരയുടെ യഥാർത്ഥ സാധ്യതകൾ ഇനിയും തിരിച്ചറിഞ്ഞിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. ഭരണത്തിലെ സുതാര്യത മുതൽ അടിസ്ഥാന സൗകര്യ വികസനം വരെയുള്ള മേഖലകളിലെ നടപടികൾ വരും ദശകങ്ങളിൽ സംസ്ഥാനത്തെ ഒരുക്കും. എല്ലാ ഗ്രാമങ്ങളിലെയും ആനുകൂല്യങ്ങളുടെയും സൗകര്യങ്ങളുടെയും സാച്ചുറേഷൻ പോലുള്ള പ്രചാരണങ്ങൾ ത്രിപുരയിലെ ജനങ്ങളുടെ ജീവിതം എളുപ്പവും മികച്ചതുമാക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ 100 വർഷം തികയുമ്പോൾ ത്രിപുര സംസ്ഥാന പദവിയുടെ 75 വർഷം പൂർത്തിയാക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. 'പുതിയ തീരുമാനങ്ങൾക്കും പുതിയ അവസരങ്ങൾക്കുമുള്ള മികച്ച കാലഘട്ടമാണിത്', പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

# സിപിഎം സമ്മേളനങ്ങൾ നടത്തുന്നത് ശാസ്ത്രീയ രീതി പിന്തുടർന്ന്: എം.എ. ബേബി

തൃശൂർ: ശാസ്ത്രീയ രീതി പിന്തുടർന്നാണ് സിപിഎം സമ്മേളനങ്ങൾ നടത്തുന്നതെന്ന് പോളിറ്റ് ബ്യൂറോ അംഗം എം.എ. ബേബി. സിപിഎം തൃശൂർ ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വാക്സിൻ വിതരണത്തിൽ കേരളമാണ് രാജ്യത്ത് ഒന്നാമത്. കോവിഡിനെ നേരിടാൻ ഏറ്റവും ഫലപ്രദവും ശാസ്ത്രീയവുമായ മാർഗം വാക്സിനേഷൻ തന്നെയാണ്. ഈ വിധത്തിൽ ശാസ്ത്രീയമായ രീതി പിന്തുടർന്നാണ് സിപിഎം സമ്മേളനങ്ങൾ സംഘടിപ്പിച്ചതെന്ന് അദ്ദേഹം പറഞ്ഞു.

പാരിസ്ഥിതിക സന്തുലനം നിലനിർത്താനായി ചൈന ഇനിയും പ്രവർത്തിക്കേണ്ടതുണ്ട്. ചില വിമർശനങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ അത് ചൈനയെച്ചൊല്ലിയുള്ള അഭിപ്രായ ഭിന്നതയായി മാധ്യമങ്ങൾ ഉയർത്തിക്കാട്ടാൻ ശ്രമിക്കുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കമ്യൂണിസ്റ്റ് പാർട്ടിക്ക് തെറ്റ് സംഭവിച്ചാൽ സിപിഎം അതിനെ വിമർശിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## വാക് ഇൻ ഇന്റർവ്യൂ മാറ്റിവച്ചു

തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് കാര്യാലയത്തിലേക്ക് കരാർ അടിസ്ഥാനത്തിൽ ടെക്നിക്കൽ അസിസ്റ്റന്റ് (എക്സ്റേ), ടെക്നിക്കൽ അസിസ്റ്റന്റ് (വിഷ) എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിനായി ജനുവരി 21 നും 22 നും നടത്താനിരുന്ന വാക് ഇൻ ഇന്റർവ്യൂ കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ മാറ്റിവച്ചു.

## വർക്ക് പെർമിറ്റ് പുതുക്കൽ നടപടിക്കൊരുങ്ങി കുവൈത്ത്

കുവൈത്ത് സിറ്റി: കുവൈത്തിൽ താമസിക്കുന്ന 60 വയസിന് മുകളിലുള്ളവരുടെ വർക്ക് പെർമിറ്റ് പുതുക്കുന്നതിനുള്ള പുതിയ കരട് സി പബ്ലിക് അതോറിറ്റി ഫോർ മാൻപവർ തയ്യാറാക്കി. പുതിയ ഡ്രാഫ്റ്റ് പബ്ലിക് അതോറിറ്റി ഫോർ മാൻപവറിൻറെ വരാനിരിക്കുന്ന ബോർഡ് ഓഫ് ഡയറക്ടർമാരുടെ യോഗത്തിൽ അവതരിപ്പിക്കും.

ഡ്രാഫ്റ്റ് അനുസരിച്ച് വർക്ക് പെർമിറ്റ് പുതുക്കുന്നതിന് ആരോഗ്യ ഇൻഷുറൻസിന് പുറമേ 250 ദിനാർ ഫീസും നിശ്ചയിച്ചിട്ടുണ്ട്. പുതിയ കരട് പ്രമേയം ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് വോട്ടിനായി അവതരിപ്പിക്കും, തുടർന്ന് അത് നടപ്പിലാക്കുന്നതിനായി തൊഴിൽ വകുപ്പുകൾക്ക് കൈമാറുന്നതുമാണ്.

# സിൽവർ ലൈൻ: ഡിപിആർ പരിശോധിച്ചുവരുന്നതായി കേന്ദ്രസർക്കാർ

കൊച്ചി: സിൽവർ ലൈൻ പദ്ധതിക്ക് അനുമതി നൽകുന്നതിൽ തീരുമാനം എടുത്തിട്ടില്ലെന്ന് കേന്ദ്രസർക്കാർ ഹൈക്കോടതിയിൽ അറിയിച്ചു. ഡിപിആർ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. നീതി ആയോഗ് അടക്കം ഡിപിആർ പരിശോധിക്കും. അതിനുശേഷമേ അനുമതിയുടെ കാര്യത്തിൽ തീരുമാനമെടുക്കൂ എന്നും കേന്ദ്രസർക്കാർ കോടതിയെ അറിയിച്ചു. അതേസമയം സർവേയ്ക്കായി കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടെന്ന് സംസ്ഥാനസർക്കാർ വ്യക്തമാക്കി. സിൽവർലൈൻ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനെതിരെയുള്ള ഹർജികൾ പരിഗണിക്കുമ്പോഴായിരുന്നു കേന്ദ്രം നിലപാട് അറിയിച്ചത്. ഡിപിആർ തയാറാക്കും മുമ്പ് സ്വീകരിച്ച നടപടികൾ അറിയിക്കണമെന്ന് ഹൈക്കോടതി നിർദേശിച്ചു. ജനങ്ങളെ ശത്രുപക്ഷത്തു നിർത്തി പദ്ധതി നടപ്പാക്കാൻ ശ്രമിക്കരുത്. എന്തിനാണ് സർവേ നടത്തിയതെന്ന് കോടതി ചോദിച്ചു. എല്ലാ നിയമവും പാലിച്ചുമാത്രമേ കെ റെയിൽ പോലൊരു പദ്ധതി നടപ്പാക്കാനാകൂ എന്ന് കോടതി ഓർമ്മിപ്പിച്ചു

ഏരിയൽ സർവേ നടത്തിയാണ് ഡിപിആർ തയാറാക്കിയതെന്ന് സർക്കാർ വ്യക്തമാക്കി. റിമോട്ട് സെൻസിങ് ഏജൻസി വഴിയാണ് ഏരിയൽ സർവേ നടത്തിയത്. സാമൂഹികാഘാത പഠനത്തിന് വേണ്ടിയാണ് സർവേ നടത്തിയത്. പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഫിസിക്കൽ സർവേ നടത്തിവരികയാണെന്നും സർക്കാർ അറിയിച്ചു.

സർവേ സംബന്ധിച്ച് ഇപ്പോഴും സർക്കാരിന്റെ ഭാഗത്തു നിന്നും വ്യക്തമായ മറുപടിയില്ലെന്ന് കോടതി നിരീക്ഷിച്ചു. ഡിപിആർ തയാറാക്കുന്നതിന് മുമ്പു തന്നെ സർവേ പൂർത്തിയാക്കണമായിരുന്നു എന്ന് കോടതി ചൂണ്ടിക്കാട്ടി. തങ്ങൾ ഇപ്പോൾ അടയാളക്കല്ലുകൾ ഒന്നും നാട്ടുന്നില്ലെന്ന് കെ റെയിൽ അധികൃതർ കോടതിയിൽ അറിയിച്ചു.

## യോഗം മാറ്റി വച്ചു

മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായുള്ള കമ്മിഷൻ വിവിധ മുന്നാക്ക / സംവരണ വിഭാഗങ്ങളിലെ സംഘടനാ പ്രതിനിധികളുമായി ഈ മാസം തിരുവനന്തപുരത്ത് ചേരാനിരുന്ന ആലോചന യോഗം റദ്ദാക്കി.

കോവിഡ് സാഹചര്യത്തിലാണു തീരുമാനം. സംഘടനകൾക്കുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും ജനുവരി 31 വരെ കമ്മിഷൻ മുമ്പാകെ സമർപ്പിക്കാം.

ഇവ കമ്മിഷൻ പരിശോധിച്ച് യുക്തമായ നടപടികൾ കൈക്കൊള്ളുമെന്നും ചെയർമാൻ അറിയിച്ചു.

## അപേക്ഷ ക്ഷണിച്ചു

സർവെയും ഭൂരേഖയും വകുപ്പിൽ ഡിജിറ്റൽ സർവെ മിഷൻ സ്റ്റേറ്റ് ലെവൽ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റിൽ വിവിധ തസ്തികകളിൽ താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരു വർഷത്തെ കരാർ നിയമനമാണ്.

ജി.ഐ.എസ് എക്സ്പർട്ട് – 1, ഐറ്റി മാനേജർ – 1, പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ്–1 എന്നിങ്ങനെയാണ് ഒഴിവുകൾ.

അപേക്ഷിക്കേണ്ട വിധം, യോഗ്യത, പ്രായപരിധി തുടങ്ങിയ കൂടുതൽ വിവരങ്ങൾ ൦൦൦.റഹൈ്യ.സല്യമഹമ.ഴ്.ശിൽ ലഭിക്കും. അപേക്ഷ 25 വരെ സ്വീകരിക്കും.

# കശുവണ്ടി വ്യവസായം; ആധുനീകരണത്തിന് മാസ്റ്റർ പ്ലാൻ

തിരുവനന്തപുരം: തൊഴിൽ സംരക്ഷണം ഉറപ്പു വരുത്തി കശുവണ്ടി വ്യവസായം ആധുനികവൽക്കരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു. വ്യവസായ മന്ത്രി പി രാജീവ്, ധനമന്ത്രി കെ എൻ ബാലഗോപാൽ എന്നിവരുടെ സാന്നിധ്യത്തിൽ കശുവണ്ടി മേഖലയിലെ പ്രശ്നങ്ങളും സാധ്യതകളും ചർച്ച ചെയ്യുന്നതിന് വിളിച്ചു ചേർത്ത വ്യവസായി സംഘടനകളുടെയും തൊഴിലാളി സംഘടനകളുടെയും യോഗത്തിലാണ് തീരുമാനം. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായത്തെ ശക്തിപ്പെടുത്താൻ ആവശ്യമായ സാമ്പത്തിക ഇടപെടൽ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകും.

ഇറക്കുമതി ചുങ്കം കശുവണ്ടി വ്യവസായത്തെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഉല്പാദന ചെലവ് ഇരട്ടിയിലധികമാണ്. ആധുനികവൽക്കരണം നടപ്പിലാക്കാത്തതാണ് ഇതിനു പ്രധാന കാരണം.

മാർക്കറ്റിങ്ങിലും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കാര്യത്തിലും ഇനിയും ഒരുപാട് മുന്നോട്ട് പോകേണ്ടതുണ്ട്. ഇതെല്ലാം പരിഹരിക്കുന്നതിനായിരിക്കും മാസ്റ്റർ പ്ലാനിൽ പ്രധാന പരിഗണന നൽകുക. പ്രൊഫഷണൽ ഏജൻസികളുടെ സഹായവും ഇതിനായി തേടും. കശുവണ്ടി കോർപ്പറേഷന്റെയും കാപ്പക്സിന്റെയും മേൽനോട്ട ചുമതല റിയാബിന് നൽകും. രണ്ടു സ്ഥാപനങ്ങളുടെ കീഴിലുള്ള ഫാക്ടറികളിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഒരു ദിവസം പോലും തൊഴിൽ നഷ്ടപ്പെട്ടില്ലെന്ന് ചെയർമാൻമാർ അറിയിച്ചു.

കുറഞ്ഞ വിലക്ക് ഗുണമേന്മയുള്ള കശുവണ്ടി അന്താരാഷ്ട്ര കമ്പോളത്തിൽ ലഭിക്കുന്ന അവസരത്തിൽ അത് വാങ്ങാൻ ശ്രമിക്കണമെന്ന് കാഷ്യു ബോർഡിന് നിർദ്ദേശം നൽകി. സർക്കാരിന്റെ കൂടി സാന്നിധ്യത്തിലുണ്ടാക്കിയ ഒറ്റ തവണ തീർപ്പാക്കലിലെ വ്യവസ്ഥകൾ ചില ബാങ്കുകൾ നടപ്പിലാക്കുന്നില്ലെന്ന പരാതി വ്യവസായികൾ ഉന്നയിച്ചു. ഇക്കാര്യത്തിൽ ഇടപ്പെടാമെന്ന് മന്ത്രിമാർ ഉറപ്പു നൽകി.

സംസ്ഥാനത്തെ ചെറുകിട കശുവണ്ടി വ്യവസായങ്ങൾക്ക് പ്രതികൂലമാകുന്ന വിധത്തിൽ ബാങ്കുകളുടെ ഭാഗത്ത് നിന്നുണ്ടാകുന്ന നടപടികൾ ലഘൂകരിക്കാൻ ശ്രമിക്കും. സ്വകാര്യ കശുവണ്ടി വ്യവസായത്തിന് കൈത്താങ്ങായി പുതിയ പുനരുദ്ധാരണ പാക്കേജ് സർക്കാർ നേരത്തെ പ്രഖ്യാപിച്ചിരുന്നു.

10 കോടി രൂപ വരെയുള്ള വായ്പകളുടെ പലിശ എഴുതിത്തള്ളാനും രണ്ട് കോടി വരെയുള്ള വായ്പകൾക്ക് 50 ശതമാനം നൽകിയും രണ്ടു കോടി മുതൽ 10 കോടി വരെയുള്ള വായ്പകൾക്ക് 60 ശതമാനം വരെ നൽകിയും വൺ ടൈം സെറ്റിൽമെന്റ് നൽകാനും പാക്കേജ് പ്രകാരം സഹായം നൽകുന്നുണ്ട്. കശുവണ്ടി കോർപ്പറേഷൻ, കാപ്പക്സ് എന്നിവയുടെ പ്രവർത്തനം വിലയിരുത്താനായി വ്യവസായ മന്ത്രി പി രാജീവ്, പ്രിൻസിപ്പൽ സെക്രട്ടറി രാജേഷ് കുമാർ സിൻഹ എന്നിവർ പങ്കെടുത്ത അവലോകന യോഗവും ചേർന്നു.

## പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

ഡി.എൽ.എഡ്. (അറബിക്/ഉറുദു/ഹിന്ദി/സംസ്കൃതം) ഒന്നാം സെമസ്റ്റർ (2020–22 ബാച്ച്), മൂന്നാം സെമസ്റ്റർ (2019–21 ബാച്ച്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

ഫലം പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapareekshabhavan.in ൽ ലഭിക്കും.

# ആരോഗ്യനില തൃപ്തികരമെങ്കിൽ ഡിസ്ചാർജ്

തിരുവനന്തപുരം: കോവിഡ് സാഹചര്യത്തിൽ സംസ്ഥാനത്ത് ആശുപത്രികളിലെ ഡിസ്ചാർജ് പോളിസി പുതുക്കി. നേരിയ രോഗലക്ഷണം, മിതമായ രോഗലക്ഷണം, ഗുരുതരാവസ്ഥയിലുള്ളവർ എന്നിങ്ങനെ കോവിഡ് രോഗ തീവ്രത അനുസരിച്ചാണ് ഡിസ്ചാർജ് പോളിസി പുതുക്കിയത്.

നേരിയ രോഗലക്ഷണമുള്ളവർക്ക് ഡിസ്ചാർജ് ചെയ്യുന്നതിന് റാപ്പിഡ് ആന്റിജൻ ടെസ്റ്റ് നെഗറ്റീവ് ആകണമെന്നില്ല. രോഗ ലക്ഷണങ്ങളുള്ള രോഗികൾ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയത് മുതലോ, ലക്ഷണങ്ങൾ ഇല്ലാത്ത രോഗികൾ കോവിഡ് സ്ഥിരീകരിച്ചത് മുതലോ വീട്ടിൽ ഏഴ് ദിവസം നിരീക്ഷണത്തിൽ കഴിയുക. അതോടൊപ്പം മൂന്ന് ദിവസം തുടർച്ചയായി പനി ഇല്ലാതിരിക്കുകയും ചെയ്താൽ ഗൃഹ നിരീക്ഷണം അവസാനിപ്പിക്കാം. വീട്ടിൽ നിരീക്ഷണത്തിൽ കഴിയുന്ന സമയത്ത് അപായസൂചനകൾ ഉണ്ടോ എന്ന് നിരീക്ഷിക്കണം. ദിവസവും ആറ് മിനിറ്റ് നടത്ത പരിശോധന നടത്തണം. അപായ സൂചനകൾ കാണുകയോ അല്ലെങ്കിൽ വിശ്രമിക്കുമ്പോൾ ഓക്സിജന്റെ അളവ് 94 ശതമാനത്തിൽ കുറവോ അല്ലെങ്കിൽ ആറ് മിനിറ്റ് നടന്നതിന് ശേഷം ഓക്സിജന്റെ അളവ് ബേസ് ലൈനിൽ നിന്ന് മൂന്ന് ശതമാനത്തിൽ കുറവോ ആണെങ്കിൽ ടോൾ ഫ്രീ നമ്പറായ ദിശ 104,1056ലോ, ഡിസ്ചാർജ് ചെയ്ത ആശുപത്രിയിലോ അറിയിക്കണം.

മിതമായ രോഗമുള്ളവരെ ആരോഗ്യനില തൃപ്തികരമാണെങ്കിൽ ഡിസ്ചാർജ് ചെയ്യാം. ശരീരതാപം കുറയ്ക്കുന്ന മരുന്നുകൾ ഉപയോഗിക്കാതെ 72 മണിക്കൂറിനുള്ളിൽ പനി ഇല്ലാതിരിക്കുക, ശ്വാസതടസം കുറയുക, ഓക്സിജൻ ആവശ്യമില്ലാത്ത അവസ്ഥ, സുഗമമായ രക്തചംക്രമണം, അമിതക്ഷീണമില്ലാത്ത അവസ്ഥ തുടങ്ങിയ അവസ്ഥയിൽ വീട്ടിൽ റൂം ഐസൊലേഷനായോ, സിഎഫ്എൽടിസിയിലേക്കോ, സിഎസ്എൽടിസിയിലേക്കോ ഡിസ്ചാർജ്ജ് ചെയ്യാം.

നേരിയ രോഗലക്ഷണങ്ങളുള്ളവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചാൽ 48 മണിക്കൂറുകൾക്കുള്ളിൽ പനി ഇല്ലാതിരിക്കുകയും ആരോഗ്യനില തൃപ്തികരമാകുകയും ചെയ്യുകയാണെങ്കിൽ അപായ സൂചനകൾ നിരീക്ഷിക്കുന്നതിനുള്ള നിർദ്ദേശത്തോടുകൂടി വീട്ടിൽ നിരീക്ഷണം നടത്തുന്നതിനായി ഡിസ്ചാർജ് ചെയ്യാം. ഗുരുതര രോഗികൾക്ക് 14 ദിവസത്തിനു മുൻപായി ആരോഗ്യസ്ഥിതി മെച്ചപ്പെടുകയാണെങ്കിൽ രോഗിയെ സിഎസ്എൽടിസിയിൽ പ്രവേശിപ്പിക്കാവുന്നതും പതിനാലാംദിവസം അവിടെ നിന്ന് ആന്റിജൻ പരിശോധന നടത്താം.

എല്ലാ വിഭാഗത്തിലുമുള്ള ആളുകൾ ഡിസ്ചാർജ് ചെയ്തതിനു ശേഷം അടുത്ത ഏഴ് ദിവസത്തേക്കു കൂടി എൻ 95 മാസ്ക് ധരിക്കുകയും കോവിഡ് മാർഗനിർദേശങ്ങൾ പാലിക്കുകയും വേണം.

20 ദിവസങ്ങൾക്കു ശേഷവും ആന്റിജൻ പരിശോധന പോസിറ്റീവ് ആയി തുടരുന്ന രോഗികളുടെ സാമ്പിൾ ജനിതക ശ്രേണീകരണത്തിനായി നൽകണം.

# കോവിഡ് വ്യാപനം: ക്ലസ്റ്റർ മാനേജ്മെന്റിന് രൂപം നൽകി

## സ്ഥാപനങ്ങളിലും ഓഫീസുകളിലും ഇൻഫെക്ഷൻ കൺട്രോൾ ടീമുകൾ

സംസ്ഥാനത്ത് കോവിഡ് അതിതീവ്ര വ്യാപന പശ്ചാത്തലത്തിൽ ക്ലസ്റ്റർ മാനേജ്മെന്റിന് രൂപം നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സ്ഥാപനങ്ങളിലും ഓഫീസുകളിലും നിരവധി കേസുകൾ റിപ്പോർട്ട് ചെയ്ത പശ്ചാത്തലത്തിൽ കൂടിയാണ് ക്ലസ്റ്റർ മാനേജ്മെന്റ് തയ്യാറാക്കിയത്.

കോവിഡ് വ്യാപന സാഹചര്യത്തിൽ സ്കൂളുകളിലും ഓഫീസുകളിലും സുരക്ഷ ഉറപ്പാക്കാനാണ് ക്ലസ്റ്റർ മാനേജ്മെന്റ് ആവിഷ്ക്കരിച്ചത്.

എല്ലാ സ്ഥാപനങ്ങളിലും ഓഫീസുകളിലും ഒരു ഇൻഫെക്ഷൻ കൺട്രോൾ ടീം (ഐസിടി) രൂപീകരിക്കണം. തിരഞ്ഞെടുത്ത ടീം അംഗങ്ങൾക്ക് സ്ഥാപനങ്ങളിലും ഓഫീസുകളിലും പിന്തുടരേണ്ട മാർഗനിർദേശങ്ങൾ സംബന്ധിച്ച് പരിശീലനം നൽകണം. ഒരു ചെക്ക്ലിസ്റ്റ് ഉപയോഗിച്ച് ദിവസവും രോഗലക്ഷണ പരിശോധന നടത്തുക എന്നതാണ് അണുബാധ നിയന്ത്രണ ടീമിന്റെ പ്രധാന ഉത്തരവാദിത്തം. ക്ലസ്റ്റർ രൂപീകരണത്തിന്റെ കാര്യത്തിൽ, ഉയർന്ന അപകട സാധ്യതയുള്ള എല്ലാ സമ്പർക്കങ്ങളും ഈ ടീം തിരിച്ചറിയുകയും ക്വാറന്റൈൻ ചെയ്യിക്കുകയും വേണം. എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ പ്രാദേശിക ആരോഗ്യ പ്രവർത്തകരുടെ സഹായം തേടാം.

ക്ലസ്റ്റർ മാനേജ്മെന്റ്

ഔട്ട്ബ്രേക്ക് മാനേജ്മെന്റ് സ്ഥലത്തും സമയത്തും ഗ്രൂപ്പുചെയ്ത കേസുകളുടെ സംയോജനമായാണ് ഒരു ക്ലസ്റ്റർ നിർവചിച്ചിരിക്കുന്നത്. രണ്ട് വ്യക്തികൾക്ക് ഏഴ് ദിവസത്തിനുള്ളിൽ ഒരേ ക്ലാസിലോ ഓഫീസ് മുറിയിലോ സ്ഥാപനത്തിലോ ഓഫീസിലോ ഒരേ പ്രദേശത്ത് പ്രവർത്തിക്കുന്ന വ്യക്തികൾക്കിടയിലോ രോഗം വരുമ്പോഴാണ് ഒരു ക്ലസ്റ്റർ രൂപപ്പെടുന്നത്. ഒരു ക്ലസ്റ്ററിന്റെ കാര്യത്തിൽ, രോഗം വരാൻ ഏറെ സാധ്യതയുള്ള സമ്പർക്കത്തിലുള്ളവരെ ഐസിടി കണ്ടെത്തി അവരെ ക്വാറന്റൈൻ ചെയ്യണം. എൻ 95 മാസ്കിന്റെ ഉപയോഗം, ശാരീരിക അകലം, കൈകളുടെ ശുചിത്വം എന്നിവ പാലിക്കണം. ഒരുമിച്ച് ഭക്ഷണം കഴിക്കുമ്പോൾ എൻ 95 മാസ്ക് നീക്കം ചെയ്യുമ്പോഴാണ് സാധാരണയായി ഓഫീസിൽ വ്യാപനമുണ്ടാകുന്നത്. ഓഫീസുകളിൽ ഒരുമിച്ച് ഭക്ഷണം കഴിക്കുന്നില്ലെന്ന് ഐസിടി ഉറപ്പാക്കണം.

പത്തിലധികം ആളുകളിലധികം കോവിഡ് ബാധിച്ചാൽ ആ പ്രദേശം ലാർജ് ക്ലസ്റ്ററാകും. പത്തിലധികം പേർക്ക് രോഗബാധയേറ്റിട്ടുള്ള 5 ക്ലസ്റ്ററുകളിലധികം ഉണ്ടെങ്കിൽ മാത്രം പ്രാദേശിക ആരോഗ്യ അധികൃതരുടെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം അല്ലെങ്കിൽ ഓഫീസ് 5 ദിവസത്തേക്ക് അടച്ചിടാൻ തീരുമാനിക്കാവുന്നതാണ്. സാധ്യമാകുന്നിടത്തെല്ലാം സ്ഥാപനങ്ങളും ഓഫീസുകളും തുറന്ന് പ്രവർത്തിക്കണം. അടച്ചുപൂട്ടൽ അവസാന ഓപ്ഷനായി മാത്രമേ പരിഗണിക്കാവൂ.

ഓഫീസ് സമയങ്ങളിൽ എല്ലാ ഉദ്യോഗസ്ഥരും ശരിയായ വിധം എൻ 95 മാസ്ക് ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കണം. കോവിഡ് രോഗലക്ഷണങ്ങൾ കാണുകയാണെങ്കിൽ പരിശോധന നടത്തണം. ഓഫീസ് സ്ഥലത്ത് മതിയായ വായു സഞ്ചാരം ഉറപ്പാക്കണം. 5 വയസിന് മുകളിലുള്ള എല്ലാ കുട്ടികളും എൻ 95 മാസ്കുകളോ കുറഞ്ഞത് ട്രിപ്പിൾ ലെയർ മാസ്കുകളോ ധരിക്കാൻ പ്രോത്സാഹിപ്പിക്കണം.

# ഗുജറാത്തിലെ സോമനാഥിൽ പുതിയ സർക്യൂട്ട് ഹൗസ് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു

ന്യൂഡൽഹി: ഗുജറാത്തിലെ സോമനാഥിൽ പുതിയ സർക്യൂട്ട് ഹൗസ് വീഡിയോ കോൺഫറൻസിംഗിലൂടെ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. ഗുജറാത്ത് മുഖ്യമന്ത്രി ശ്രീ ഭൂപേന്ദ്രഭായ് പട്ടേൽ, സംസ്ഥാന മന്ത്രിമാർ, പാർലമെന്റ് അംഗങ്ങൾ, ക്ഷേത്ര ട്രസ്റ്റ് അംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

സോമനാഥ് സർക്യൂട്ട് ഹൗസിന്റെ ഉദ്ഘാടനത്തിന് ഗുജറാത്ത് ഗവൺമെന്റിനേയും സോമനാഥ ക്ഷേത്ര ട്രസ്റ്റിനേയും ഭക്തരെയും സദസിനെ അഭിസംബോധന ചെയ്തു കൊണ്ട് പ്രധാനമന്ത്രി അഭിനന്ദിച്ചു. കാലത്തിന്റെ കെടുതികൾക്കിടയിലും ക്ഷേത്രത്തിന്റെ ഉച്ചസ്ഥാനത്തും മുകൾത്തട്ടിലും ഇന്ത്യയുടെ അഭിമാനബോധം ഭക്തർക്ക് അനുഭവപ്പെടുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യൻ നാഗരികതയുടെ വെല്ലുവിളി നിറഞ്ഞ യാത്രയെയും നൂറുകണക്കിന് വർഷത്തെ അടിമത്തത്തിന്റെ സാഹചര്യങ്ങളെയും കുറിച്ച് സംസാരിക്കവെ, സോമനാഥ ക്ഷേത്രം തകർക്കപ്പെട്ട സാഹചര്യവും സർദാർ പട്ടേലിന്റെ പരിശ്രമത്താൽ ക്ഷേത്രം നവീകരിച്ച സാഹചര്യവും ഒരു വലിയ സന്ദേശം വഹിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. "ഇന്ന്, ആസാദി കാ അമൃത് മഹോത്സവത്തിൽ, നമ്മുടെ ഭൂതകാലത്തിൽ നിന്നും നിന്നും പഠിക്കാൻ നമ്മൾ ആഗ്രഹിക്കുന്നു; സോമനാഥ് പോലെയുള്ള സംസ്കാരത്തിന്റെയും വിശ്വാസത്തിന്റെയും കേന്ദ്രങ്ങളാണ് അതിന്റെ കേന്ദ്രബിന്ദു" , പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

ലോകത്തിലെ പല രാജ്യങ്ങളുടെയും സമ്പദ്വ്യവസ്ഥയിൽ വിനോദസഞ്ചാരത്തിന് വലിയ പങ്കുണ്ടെന്ന് അദ്ദേഹം പറഞ്ഞു. "എല്ലാ സംസ്ഥാനങ്ങളിലും എല്ലാ മേഖലകളിലും ഇതുപോലെ അനന്തമായ സാദ്ധ്യതകൾ നമുക്കുണ്ട്", അദ്ദേഹം പറഞ്ഞു. പ്രധാനമന്ത്രി ആത്മീയ ലക്ഷ്യസ്ഥാനങ്ങളുടെ വെർചൽ ഭാരത് ദർശൻ വിവരിച്ചു, ഗുജറാത്തിലെ സോമനാഥ്, ദ്വാരക, റാൺ ഓഫ് കച്ച്, സ്റ്റാച്യു ഓഫ് യൂണിറ്റി; ഉത്തർപ്രദേശിലെ അയോധ്യ, മഥുര, കാശി, പ്രയാഗ്, കുശിനഗർ, വിന്ധ്യാചൽ തുടങ്ങിയ സ്ഥലങ്ങളുടെ പട്ടിക ഉയർത്തിക്കാട്ടുകയും ചെയ്തു; ദേവഭൂമി ഉത്തരാഖണ്ഡിൽ ബദരീനാഥും കേദാർനാഥും ഉണ്ട്; ഹിമാചലിൽ ജ്വാലാ ദേവി, നൈനാ ദേവി; വടക്ക് കിഴക്ക് മുഴുവനും ദൈവികവും പ്രകൃതിദത്തവുമായ തിളക്കം കൊണ്ട് നിറഞ്ഞിരിക്കുകയാണ്; തമിഴ്നാട്ടിലെ രാമേശ്വരം; ഒഡീഷയിലെ പുരി; ആന്ധ്രാപ്രദേശിലെ തിരുപ്പതി ബാലാജി; മഹാരാഷ്ട്രയിൽ സിദ്ധി വിനായക്; കേരളത്തിലെ ശബരിമല എന്നിവയും വിവരിച്ചു. "ഈ സ്ഥലങ്ങൾ നമ്മുടെ ദേശീയ ഐക്യത്തെയും ഏക് ഭാരത് ശ്രേഷ്ഠ ഭാരതത്തിന്റെ (ഏക ഭാരതം ശ്രേഷ്ഠ ഭാരതം) ആത്മാവിനെയും പ്രതിനിധീകരിക്കുന്നു. ഇന്ന്, രാജ്യം അവയെ അഭിവൃദ്ധിയുടെ ശക്തമായ ഉറവിടമായി കാണുകയാണ്. അവയുടെ വികസനത്തിലൂടെ നമുക്ക് ഒരു വലിയ പ്രദേശത്തിന്റെ വികസനത്തിനെ ഉത്തേജിപ്പിക്കാൻ കഴിയും'', അദ്ദേഹം പറഞ്ഞു.

വിനോദസഞ്ചാരത്തിന്റെ സാദ്ധ്യതകൾ സാക്ഷാത്കരിക്കാൻ കഴിഞ്ഞ 7 വർഷമായി രാജ്യം അക്ഷീണം പ്രയത്നിച്ചുവരുന്നതായി പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. "ഇന്ന്, വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം കേവലം ഗവൺമെന്റ് പദ്ധതികളുടെ ഒരു ഭാഗം മാത്രമല്ല, പൊതുജന പങ്കാളിത്തത്തിന്റെ ഒരു സംഘടിതപ്രവർത്തനമാണ്. രാജ്യത്തിന്റെ പൈതൃക കേന്ദ്രങ്ങളും നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ വികാസവും ഇതിന് മികച്ച ഉദാഹരണങ്ങളാണ്". ആശയാധിഷ്ഠിത 15 ടൂറിസ്റ്റ് സർക്യൂട്ടുകൾ പോലുള്ള നടപടികളുടെ പട്ടികയും അദ്ദേഹം വിശദീകരിച്ചു. ഉദാഹരണത്തിന്, രാമായണ സർക്യൂട്ടിൽ, ഭഗവാൻ രാമനുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കാം. ഒരു പ്രത്യേക ട്രെയിൻ ആരംഭിച്ചിട്ടുമുണ്ട്. നാളെ ദിവ്യ കാശി യാത്രയ്ക്കായി ഡൽഹിയിൽ നിന്ന് ഒരു പ്രത്യേക ട്രെയിൻ ആരംഭിക്കുന്നതായി പ്രധാനമന്ത്രി അറിയിച്ചു. അതുപോലെ ബുദ്ധ സർക്യൂട്ട് ഭഗവാൻ ബുദ്ധനുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കുന്നത് എളുപ്പമാക്കുന്നു. വിദേശ വിനോദസഞ്ചാരികൾക്കുള്ള വിസ നിയമങ്ങൾ ലഘൂകരിക്കുകയും പ്രതിരോധ കുത്തിവയ്പ്പ് യജ്ഞത്തിൽ വിനോദസഞ്ചാര കേന്ദ്രങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്തു.

ഇന്ന് വിനോദസഞ്ചാരത്തെ രാജ്യം സമഗ്രമായ രീതിയിലാണ് വീക്ഷിക്കുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇന്നത്തെ കാലത്ത് വിനോദസഞ്ചാരം വികസിപ്പിക്കാൻ നാല് കാര്യങ്ങൾ അനിവാര്യമാണ്. ആദ്യത്തേത് ശുചിത്വമാണ് മുമ്പ് നമ്മുടെ വിനോദസഞ്ചാര കേന്ദ്രങ്ങൾ, വിശുദ്ധ തീർത്ഥാടന കേന്ദ്രങ്ങളും വൃത്തിഹീനമായിരുന്നു. ഇന്ന് സ്വച്ഛ് ഭാരത് അഭിയാൻ ഈ ചിത്രം മാറ്റി. വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനുള്ള മറ്റൊരു പ്രധാന ഘടകം സൗകര്യമാണ്. എന്നാൽ, സൗകര്യങ്ങളുടെ വ്യാപ്തി വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തരുതെന്നും പ്രധാനമന്ത്രി പറഞ്ഞു. ഗതാഗത സൗകര്യങ്ങൾ, ഇന്റർനെറ്റ്, ശരിയായ വിവരങ്ങൾ, മെഡിക്കൽ ക്രമീകരണങ്ങൾ എന്നിങ്ങനെ എല്ലാ തരത്തിലുമുള്ളവയായിരിക്കണം. ഈ ദിശയിലും രാജ്യത്ത് സമഗ്രമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. വിനോദസഞ്ചാരം വർദ്ധിപ്പിക്കുന്നതിന്റെ മൂന്നാമത്തെ പ്രധാന ഘടകമാണ് സമയം. ഈ കാലഘട്ടത്തിൽ, കുറഞ്ഞ സമയത്തിനുള്ളിൽ പരമാവധി സ്ഥലത്ത് എത്തിപ്പെടാനാണ് ആളുകൾ ആഗ്രഹിക്കുന്നത്. വിനോദസഞ്ചാരം വർദ്ധിപ്പിക്കാനുള്ള നാലാമത്തേതും വളരെ പ്രധാനപ്പെട്ടതുമായ കാര്യം നമ്മുടെ ചിന്തയാണ്. നമ്മുടെ ചിന്തകൾ നൂതനാശയപരവും ആധുനികവുമാകേണ്ടത് അനിവാര്യമാണ്. എന്നാൽ അതേ സമയം നമ്മുടെ പുരാതന പൈതൃകത്തിൽ നാം എത്രമാത്രം അഭിമാനിക്കുന്നു എന്നതും വളരെ പ്രധാനമാണ്.

സ്വാതന്ത്ര്യാനന്തരം പുതിയ വികസനം ഡൽഹിയിലെ ഏതാനും കുടുംബങ്ങൾക്ക് മാത്രമായിരുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. എന്നാൽ ഇന്ന് രാജ്യം ആ സങ്കുചിത ചിന്ത ഉപേക്ഷിച്ച് അഭിമാനത്തിന്റെ പുതിയ ഇടങ്ങൾ കെട്ടിപ്പടുക്കുകയും മഹത്വം നൽകുകയും ചെയ്യുന്നു. "ഡൽഹിയിൽ ബാബാസാഹേബ് സ്മാരകവും രാമേശ്വരത്ത് എ.പി.ജെ അബ്ദുൾ കലാം സ്മാരകവും നിർമ്മിച്ചത് നമ്മുടെ സ്വന്തം ഗവൺമെന്റാണ്. അതുപോലെ നേതാജി സുഭാഷ് ചന്ദ്രബോസ്, ശ്യാംജി കൃഷ്ണ വർമ്മ എന്നിവരുമായി ബന്ധപ്പെട്ട സ്ഥലങ്ങൾക്കും അർഹമായ ഔന്നിത്യം നൽകിയിട്ടുണ്ട്. നമ്മുടെ ഗോത്ര സമൂഹത്തിന്റെ മഹത്തായ ചരിത്രം പുറത്തുകൊണ്ടുവരുന്നതിനായി രാജ്യത്തുടനീളം ആദിവാസി മ്യൂസിയങ്ങളും നിർമ്മിക്കപ്പെടുന്നു", പ്രധാനമന്ത്രി അറിയിച്ചു. മഹാമാരിക്കിടയിലും 75 ലക്ഷം ആളുകൾ സ്റ്റാച്യു ഓഫ് യൂണിറ്റി കാണാൻ എത്തിയിട്ടുണ്ടെന്ന് പുതുതായി വികസിപ്പിച്ച സ്ഥലങ്ങളുടെ സാദ്ധ്യതകളെ കുറിച്ച് വിശദീകരിച്ച പ്രധാനമന്ത്രി പറഞ്ഞു. ഇത്തരം സ്ഥലങ്ങൾ വിനോദസഞ്ചാരത്തോടൊപ്പം നമ്മുടെ വ്യക്തിത്വത്തേയും പുതിയ ഉയരങ്ങളിലേക്ക് കൊണ്ടുപോകുമെന്നും അദ്ദേഹം പറഞ്ഞു.

വോക്കൽ ഫോർ ലോക്കൽ (പ്രാദേശികതയ്ക്ക് വേണ്ടിയുള്ള ശബ്ദം) എന്ന തന്റെ ആഹ്വാനത്തെ സങ്കുചിതമായി വ്യാഖ്യാനിക്കരുതെന്ന് പ്രധാനമന്ത്രി ഉപദേശിച്ചു, ആ ആഹ്വാനത്തിൽ പ്രാദേശിക വിനോദസഞ്ചാരവും ഉൾപ്പെടുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഏതെങ്കിലും വിദേശ വിനോദസഞ്ചാരത്തിന് പുറപ്പെടുന്നതിന് മുമ്പ് ഇന്ത്യയിലെ 1520 സ്ഥലങ്ങളെങ്കിലും സന്ദർശിക്കണമെന്ന തന്റെ അഭ്യർത്ഥനയും അദ്ദേഹം ആവർത്തിച്ചു.

# യുഎസ് കാനഡ അതിർത്തിയിൽ പിഞ്ചു കുഞ്ഞടക്കം നാല് ഇന്ത്യക്കാർ തണുത്തു മരിച്ചു



ടൊറൻറോ: അമേരിക്കയിലേക്ക് അനധികൃതമായി കടക്കാൻ ശ്രമിക്കുന്നതിനിടെ ഒരു പിഞ്ചു കുഞ്ഞ് ഉൾപ്പടെ ഇന്ത്യക്കാരായ ഒരു കുടുംബത്തിലെ നാല് പേർ തണുത്തു മരിച്ചു. കാനഡയുഎസ് അതിർത്തിയിൽ നിന്നുമാണ് ഇവരുടെ മൃതദേഹം കണ്ടെത്തിയത്.

സ്ത്രീയും പുരുഷനും കൗമാരക്കാരനും പിഞ്ചു കുഞ്ഞുമാണ് മരിച്ചത്. ഇവർക്കൊപ്പമുണ്ടായിരുന്ന ഏഴു പേരെ അവശനിലയിൽ കനേഡിയൻ പോലീസ് രക്ഷിച്ചു. ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

അതിർത്തിയിൽ നിന്നും 12 മീറ്റർ അകലെ മഞ്ഞിൽ പുതഞ്ഞ നിലയിലായിരുന്നു മൃതദേഹങ്ങൾ കണ്ടെത്തിയത്. മരിച്ചവരെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.

# നോളജ് ഇക്കോണമി മിഷൻ ഓൺലൈൻ തൊഴിൽമേളയ്ക്കു തുടക്കമായി

കേരള നോളജ് ഇക്കോണമി മിഷൻ നടത്തുന്ന ഓൺലൈൻ തൊഴിൽ മേള ആരംഭിച്ചു. ഇന്നലെ (ജനുവരി 21) ആരംഭിച്ച മേള 27 വരെ ഉണ്ടാകും. ഡിജിറ്റൽ വർക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽ രജിസ്റ്റർ ചെയ്ത എല്ലാ ഉദ്യോഗാർഥികൾക്കും വീട്ടിലിരുന്നുതന്നെ വിർചൽ തൊഴിൽ മേളയിൽ പങ്കെടുക്കാം. ഇതുവരെ രജിസ്റ്റർ ചെയ്യാത്തവർക്ക് പുതുതായി രജിസ്റ്റർ ചെയ്യാനും അവസരമുണ്ട്. know-l-e-d-g-em-i-ssion.k-er-a-l-a.gov.in എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്താണ് മേളയിൽ പങ്കെടുക്കേണ്ടത്. തൊഴിൽ വൈദഗ്ദ്ധ്യം, വിദ്യാഭ്യാസ യോഗ്യത, അനുഭവ പരിചയം എന്നിവ രേഖപ്പെടുത്തി രജിസ്റ്റർ ചെയ്തശേഷം വെർചൽ ജോബ് ഫെയർ മോഡ് തെരഞ്ഞെടുത്ത് അവരവരുടെ പ്രൊഫൈലുമായി പൊരുത്തപ്പെടുന്ന തൊഴിൽദായകരെ കണ്ടെത്താം. ജോലിക്ക് തെരഞ്ഞെടുക്കപ്പെടുന്നവരെ ഇ-മെയിൽ വഴി വിവരമറിയിക്കും. ഒരുതവണ രജിസ്റ്റർ ചെയ്താൽ അനുയോജ്യമായ തൊഴിൽ ലഭിക്കുന്നതുവരെ ഒന്നിലധികം അവസരങ്ങൾ തൊഴിൽ മേളകളിലൂടെ നോളജ് എക്കോണമി മിഷൻ ഒരുക്കിക്കൊടുക്കുന്നുണ്ട്. ഇരുനൂറിലേറെ കമ്പനികൾ ഓൺലൈൻ തൊഴിൽമേളയിൽ പങ്കെടുക്കുന്നുണ്ട്. മൂന്നു ഘട്ടങ്ങളായി 14 ജില്ലകളിലും നോളജ് ഇക്കോണമി മിഷൻ ഇതുവരെ നേരിട്ടു നടത്തിയ തൊഴിൽമേളകളിൽ പങ്കെടുത്ത 15,683 ഉദ്യോഗാർഥികളിൽ 10457 പേർക്ക് തൊഴിലവസരം ഒരുങ്ങിക്കഴിഞ്ഞു. 2165 പേർക്ക് വിവിധ സ്ഥാപനങ്ങൾ ഇതിനോടകം നിയമനഉത്തരവ് നൽകിയിട്ടുണ്ട്. ചുരുക്കപ്പട്ടികയിലെ ബാക്കി 8292 പേർക്ക് വരും ദിവസങ്ങളിൽ നിയമനം ലഭിക്കും. ഇതുകൂടാതെ 182 പേർ വെയ്റ്റിംഗ് ലിസ്റ്റിലുമുണ്ട്. തൊഴിലവസരം ഒരുങ്ങിയിട്ടുള്ളവരിൽ 1595 പേർ വിവിധ കാരണങ്ങളാൽ കരിയർ ബ്രേക്ക് വന്ന വനിതകളാണ്. ഇവർക്കായി മൂന്നിടങ്ങളിൽ പ്രത്യേക തൊഴിൽ മേളകൾ നടത്തിയിരുന്നു.

# യുപിയിൽ പ്രചരണത്തിനെത്തിയ ബിജെപി എംഎൽഎയെ നാട്ടുകാർ ഓടിച്ചു

ലഖ്നൗ: മുസാഫർ നഗറിൽ തെരഞ്ഞെടുപ്പ് പ്രചാരണത്തിനെത്തിയ ബിജെപി എംഎൽഎയെ നാട്ടുകാർ ഓടിച്ചു. ഖത്തൗലി നിയോജക മണ്ഡലത്തിൽ നിന്നുള്ള നിയമസഭാംഗമായ വിക്രം സിംഗ് സൈനിയെ മുദ്രാവാക്യം വിളികളോടെ ജനം ഉപരോധിക്കുകയായിരുന്നു. എംഎൽഎയെ നാട്ടുകാർ ഓടിക്കുന്ന വീഡിയോ സമൂഹമാധ്യമങ്ങളിൽ വൈറലായിട്ടുണ്ട്. വഴിതടഞ്ഞ ജനങ്ങളെ കണ്ട് എംഎൽഎയുടെ ഡ്രൈവർ തുടർച്ചയായി ഹോൺ അടിക്കുന്നതും നാട്ടുകാർ സൈനിയുടെ കാറിനുനേരെ ആക്രോശിക്കുന്നതും എൻഡിടിവി സംപ്രേഷണം ചെയ്ത വീഡിയോയിൽ ദൃശ്യമാണ്.

2020 സെപ്റ്റംബറിൽ പാസാക്കിയ വിവാദ കാർഷിക നിയമങ്ങളാണ് നാട്ടുകാരുടെ നീരസത്തിന് കാരണമായതെന്ന് റിപ്പോർട്ട് പറയുന്നു. എംഎൽഎയെ കണ്ടതോടെ പ്രകോപിതരായ ഗ്രാമീണർ അദ്ദേഹത്തോട് ഗ്രാമം വിട്ടു പോകാൻ ആവശ്യപ്പെടുകയും മുദ്രാവാക്യം മുഴക്കുകയുമായിരുന്നു. പ്രതിഷേധം തുടർന്നതോടെ എംഎൽഎ ജനങ്ങളോട് തട്ടിക്കയറി. എന്നാൽ ജനം പ്രതിഷേധം കടുപ്പിക്കുകയും സൈനിക്ക് കാറിൽത്തന്നെ ഇരിക്കേണ്ടി വരികയുമായിരുന്നു. പിന്നീട് കൈകൂപ്പിക്കൊണ്ട് എംഎൽഎ തിരികെപ്പോയി.

നേരത്തെ വിവാദ പ്രസ്താവനകളിലൂടെ നിരവധി തവണ വാർത്തകളിൽ നിറഞ്ഞുനിന്ന ബിജെപി നേതാവാണ് വിക്രം സിങ് സൈനി. രാജ്യത്തിന് ഭീഷണിയായവരെ ബോംബിട്ട് കൊല്ലണമെന്ന ഇയാളുടെ പ്രസ്താവന 2019ൽ വലിയ വിവാദമായിരുന്നു. 'പശുക്കളെ കൊല്ലുന്നവരുടെ കയ്യും കാലും ഒടിക്കണം', 'നമ്മുടെ രാജ്യം ഹിന്ദുസ്ഥാനാണ് അതുകൊണ്ട് അത് ഹിന്ദുക്കൾക്ക് അവകാശപ്പെട്ടതാണ്' തുടങ്ങിയവയാണ് ഇയാളുടെ മറ്റ് വിവാദ പ്രസ്താവനകൾ.

മോഡി സർക്കാർ പ്രഖ്യാപിക്കുകയും പിൻവലിക്കുകയും ചെയ്ത വിവാദ കാർഷിക നിയമങ്ങൾക്കെതിരെ കടുത്ത എതിർപ്പ് നിലനിന്നിരുന്ന പ്രദേശത്താണ് എംഎൽഎക്ക് എതിരെ പ്രതിഷേധം ഉയർന്നത് എന്ന് പിടിഐ റിപ്പോർട്ട് ചെയ്യുന്നു. ഒരു വർഷം നീണ്ട കർഷക സമരവും, ലഖിംപൂരിൽ കർഷകർക്കു നേരയുണ്ടായ അക്രമവും മൂലം ബിജെപിക്കെതിരെയുള്ള അതൃപ്തി നിയമസഭാ തെര!ഞ്ഞെടുപ്പിൽ പ്രതിഫലിച്ചേക്കുമെന്ന് ബിജെപി ഭയപ്പെടുന്നുണ്ട്.

### ഡെപ്യൂട്ടേഷൻ നിയമനം

കേരള നഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിൽ ഓഫീസിൽ അക്കൗണ്ടന്റ് (ശമ്പള നിരക്ക് 35,600-75,400 രൂപ), ജൂനിയർ സൂപ്രണ്ട് (ശമ്പള നിരക്ക് 43,400-91,200 രൂപ) തസ്തികകളിൽ ഡെപ്യൂട്ടേഷൻ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

സർക്കാർ സർവീസിൽ സമാന തസ്തികകളിൽ സേവനമനുഷ്ഠിക്കുന്നവർക്ക് അപേക്ഷിക്കാം. ബയോഡേറ്റ, റൂൾ 144 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ്, മാതൃവകുപ്പിൽ നിന്നും ലഭിച്ച നിരാക്ഷേപ പത്രം എന്നിവ സഹിതം ഫെബ്രുവരി രണ്ടിന് വൈകിട്ട് അഞ്ചിനകം രജിസ്ട്രാർ, കേരള നഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിൽ, റെഡ് ക്രോസ് റോഡ്, തിരുവനന്തപുരം-695035 എന്ന വിലാസത്തിൽ അപേക്ഷിക്കണം.

# കുറ്റപത്രത്തിൽ സിഐയുടെ പേരില്ല; മോഫിയയുടെ മാതാപിതാക്കൾ കോടതിയിലേയ്ക്ക്

കൊച്ചി: മോഫിയ പർവീൺ ആത്മഹത്യ ചെയ്ത കേസിൽ കുറ്റപത്രത്തിനെതിരെ മൊഫിയയുടെ കുടുംബം. ഇൻസ്പെക്ടർ സി എൽ സുധീറിനെ ബോധപൂർവ്വം ഒഴിവാക്കി കഴിഞ്ഞ ദിവസമാണ് ആലുവ റൂറൽ ക്രൈം ബ്രാഞ്ച് കുറ്റപത്രം സമർപ്പിച്ചത്.

മോഫിയയുടെ ഭർത്താവായ സുഹൈൽ, സുഹൈലിന്റെ മാതാപിതാക്കൾ എന്നിങ്ങനെ മൂന്ന് പേരെയാണ് കേസിൽ പ്രതി ചേർത്തത്. കേസിൽ ഗുരുതരമായ ആരോപണം ഉയർന്ന സിഐ സി എൽ സുധീറിനെ കുറ്റപത്രത്തിൽ പ്രതി ചേർത്തിട്ടില്ല. ഇതിനെതിരെയാണ് മൊഫിയയുടെ കുടുംബം എതിർപ്പ് ഉന്നയിച്ചിരിക്കുന്നത്. കുറ്റപത്രം അംഗീകരിക്കാനാകില്ലെന്നും സിഐ സുധീറിനെ പ്രതിചേർത്തില്ലെങ്കിൽ കോടതിയെ സമീപിക്കുമെന്നും മൊഫിയയുടെ അച്ഛൻ ദിൽഷാദ് പറഞ്ഞു.

അവിടെ ക്യാമറയുണ്ടല്ലോ. അത് നോക്കി കഴിഞ്ഞാൽ അറിയാൻ കഴിയും. മോളുടെ ആത്മഹത്യക്കുറിപ്പിൽ ആദ്യം എഴുതിയത് സി. ഐയെ പ്രതി ചേർക്കണം എന്നാണ്. നടപടിയെടുത്തില്ലെങ്കിൽ കോടതിയിൽ പോകും. " മോഫിയയുടെ മാതാപിതാക്കൾ പറഞ്ഞു. കേസിൽ സുധീറിനെതിരെ സർക്കാർ വകുപ്പ് തല അന്വേഷണം പ്രഖ്യാപിച്ചിരുന്നു. എഫ് ഐ ആറിലും സിഐയുടെ പേര് പരാമർശിച്ചിരുന്നു.

സുധീർ മോഫിയയോട് കയർത്ത് സംസാരിച്ചെന്നും ഇനിയൊരിക്കലും നീതി കിട്ടില്ലെന്ന മനോവിഷമത്തിലാണ് മൊഫിയ ആത്മഹത്യ ചെയ്തെന്നുമാണ് എഫ്ഐആറിലുള്ളത്. മോഫിയയുടെ ബന്ധുവിന്റെ മൊഴിയുടെ അടിസ്ഥാനത്തിലാണ് സിഐ സുധീറിനെതിരായ പരാമർശം എഫ്ഐആറിൽ ഉൾപ്പെടുത്തിയിരുന്നത്.

# സംസ്ഥാനത്ത് ആദ്യഡോസ് കോവിഡ് വാക്സിനേഷൻ 100 ശതമാനം

### ആകെ വാക്സിനേഷൻ 5 കോടി കഴിഞ്ഞു

സംസ്ഥാനത്ത് 18 വയസിന് മുകളിൽ ലക്ഷ്യം വച്ച ജനസംഖ്യയുടെ (2,67,09,000) 100 ശതമാനം പേർക്ക് ആദ്യ ഡോസ് കോവിഡ് വാക്സിൻ നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സമ്പൂർണ വാക്സിനേഷൻ 83 ശതമാനവുമായി (2,21,77,950). ഇതുകൂടാതെ കരുതൽ ഡോസിന് അർഹതയുള്ളവരിൽ 33 ശതമാനം (2,91,271) പേർക്ക് വാക്സിൻ നൽകി. 15നും 17നും ഇടയ്ക്ക് പ്രായമുള്ള 61 ശതമാനം പേർക്ക് (9,25,722) വാക്സിൻ നൽകിയിട്ടുണ്ട്. എല്ലാ വിഭാഗങ്ങളിലുമായി 5 കോടിയിലധികം ഡോസ് വാക്സിനേഷൻ നൽകി. കോവിഡ് അതിതീവ്ര വ്യാപന സമയത്ത് ഈ നേട്ടം കൈവരിക്കാനായത് സംസ്ഥാനത്തെ സംബന്ധിച്ച് പ്രധാനമാണെന്ന് മന്ത്രി വ്യക്തമാക്കി.

കോവിഡ് മൂന്നാം തരംഗം മുന്നിൽ കണ്ട് പ്രത്യേക വാക്സിനേഷൻ ഡ്രൈവ് നടത്തിയാണ് ഈയൊരു ലക്ഷ്യം പൂർത്തിയാക്കിയത്. സംസ്ഥാനത്ത് 18 വയസിന് മുകളിലുള്ളവരുടെ ജനസംഖ്യയായി 2,67,09,000 ആണ് കേന്ദ്രം കണക്കാക്കി അനുവദിച്ചിരുന്നത്. ഇനിയാരെങ്കിലും വാക്സിനെടുക്കാനുണ്ടെങ്കിൽ ഉടൻ വാക്സിൻ സ്വീകരിക്കേണ്ടതാണ്.

രാജ്യത്ത് ആദ്യമായി കിടപ്പ് രോഗികൾക്ക് വീട്ടിൽ പോയി വാക്സിൻ നൽകിയ സംസ്ഥാനമാണ് കേരളം. 60 വയസിന് മുകളിലുള്ളവർക്കും കിടപ്പ് രോഗികൾക്കും മുഴുവൻ വാക്സിൻ നൽകുന്നതിതിനായി പ്രത്യേക യജ്ഞങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി. വാക്സിനേഷനായി രജിസ്ട്രേഷൻ നടത്താനറിയാത്തവർക്ക് കൂടി വാക്സിൻ നൽകാനായി, വാക്സിൻ സമത്വത്തിനായി വേവ് ക്യാമ്പയിൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കി. ഇതുകൂടാതെ ഗർഭിണികളുടെ വാക്സിനേഷനായി മാതൃകവചം, 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡ്രൈവ് ത്രൂ വാക്സിനേഷൻ, സ്കൂളുകളിലെ വാക്സിനേഷൻ എന്നിവയും നടപ്പിലാക്കി.

# സംസ്ഥാനത്ത് 41,668 പേർക്ക് കൂടി കോവിഡ്: ടിപിആർ 43.76

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 41,668 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. തിരുവനന്തപുരം 7896, എറണാകുളം 7339, കോഴിക്കോട് 4143, തൃശൂർ 3667, കോട്ടയം 3182, കൊല്ലം 2660, പാലക്കാട് 2345, മലപ്പുറം 2148, കണ്ണൂർ 2015, ആലപ്പുഴ 1798, പത്തനംതിട്ട 1708, ഇടുക്കി 1354, വയനാട് 850, കാസർഗോഡ് 563 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 95,218 സാമ്പിളുകളാണ് പരിശോധിച്ചത്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 3,55,438 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 3,47,666 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറൻറൈനിലും 7772 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 1139 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 2,23,548 കോവിഡ് കേസുകളിൽ, മൂന്ന് ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 33 മരണങ്ങളാണ് കോവിഡ് മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ സുപ്രീംകോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 73 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 51,607 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 139 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 36,693 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 4468 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 368 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 17,053 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 2318, കൊല്ലം 1259, പത്തനംതിട്ട 870, ആലപ്പുഴ 585, കോട്ടയം 966, ഇടുക്കി 317, എറണാകുളം 4888, തൃശൂർ 1432, പാലക്കാട് 551, മലപ്പുറം 796, കോഴിക്കോട് 2434, വയനാട് 89, കണ്ണൂർ 440, കാസർഗോഡ് 108 എന്നിങ്ങനേയാണ് രോഗമുക്തിയായത്. ഇതോടെ 2,23,548 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 52,76,647 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

## വനിതാ കമ്മിഷൻ സിറ്റിങ് മാറ്റിവച്ചു

കോവിഡ് വ്യാപനം രൂക്ഷമായതിനാൽ തൃശ്ശൂർ ടൗൺ ഹാളിൽ ഈ മാസം 24 ന് നടത്താനിരുന്ന കേരള വനിതാ കമ്മിഷൻ സിറ്റിങ് മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നിട് അറിയിക്കും.

## പാർട് ടൈം സ്വീപ്പർ അഭിമുഖം മാറ്റിവച്ചു

തിരുവനന്തപുരം വികാസ് ഭവനിലെ കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയത്തിലെ പാർട് ടൈം സ്വീപ്പർ തസ്തികയിൽ 24ന് രാവിലെ 11ന് നടത്താനിരുന്ന അഭിമുഖം കോവിഡ് സാഹചര്യം കണക്കിലെടുത്തു മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

# ഇന്ത്യക്കെതിരെ വ്യാജവാർത്തകൾ; 35 പാക് യൂട്യൂബ് ചാനലുകളും രണ്ട് വെബ്സൈറ്റുകളും നിരോധിച്ചു

ന്യൂഡൽഹി:ഇന്ത്യയെക്കുറിച്ച് വ്യാജ വാർത്തകളും ഇന്ത്യ വിരുദ്ധ ഉള്ളടക്കവും പ്രചരിപ്പിച്ച പാക്കിസ്ഥാനിൽ നിന്നുള്ള 35 യൂട്യൂബ് ചാനലുകളും രണ്ട് വെബ്സൈറ്റുകളും കേന്ദ്രസർക്കാർ നിരോധിച്ചു. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിൻറേതാണ് തീരുമാനം.

ഇൻററനെറ്റിലൂടെ ഇന്ത്യാ വിരുദ്ധ വിവരങ്ങൾ പ്രചരിപ്പിച്ചതിന് രണ്ട് ടിറ്റർ അക്കൗണ്ടുകൾ, രണ്ട് ഇൻസ്റ്റഗ്രാം അക്കൗണ്ടുകൾ, ഒരു ഫേസ്ബുക്ക് അക്കൗണ്ട് എന്നിവയും നിരോധിച്ചിട്ടുണ്ട്.

ബ്ലോക്ക് ചെയ്ത യൂട്യൂബ് അക്കൗണ്ടുകൾക്ക് മൊത്തം ഒരു കോടി 20 ലക്ഷത്തിലധികം വരിക്കാരുണ്ട്. ഈ വീഡിയോകൾ 130 കോടിയിലധികം വ്യൂ ആണ് ഇതുവരെ രേഖപ്പെടുത്തിയിരുന്നത്. ഇന്ത്യൻ രഹസ്യാന്വേഷണ ഏജൻസികൾ ഈ സാമൂഹിക മാധ്യമ അക്കൗണ്ടുകളും വെബ്സൈറ്റുകളും സൂക്ഷ്മമായി നിരീക്ഷിച്ചു വരികയായിരുന്നു.

അന്തരിച്ച മുൻ സംയുക്ത സൈനിക മേധാവി ജനറൽ ബിപിൻ റാവത്തിൻറെ വിയോഗവുമായി ബന്ധപ്പെട്ട് യൂട്യൂബ് ചാനലുകൾ വഴി വ്യാപകമായ വ്യാജ വാർത്തകൾ പ്രചരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ യൂട്യൂബ് ചാനലുകൾ അഞ്ച് സംസ്ഥാനങ്ങളിലെ വരാനിരിക്കുന്ന തെരഞ്ഞെടുപ്പ് പ്രക്രിയയ്ക്ക് എതിരായ ഉള്ളടക്കം പോസ്റ്റ് ചെയ്യാൻ തുടങ്ങിയിരുന്നു.

## ഗുരുതര രോഗമുള്ളവർക്ക് പതിനാലാം ദിവസം ആന്റിജൻ പരിശോധന

ഗുരുതര രോഗം, എച്ച്ഐവി പോസിറ്റീവ്, അവയവം സ്വീകരിച്ചവർ, കാൻസർ രോഗികൾ, ഇമ്മ്യൂണോ സപ്രസന്റ്സ് ഉപയോഗിക്കുന്നവർ, ഗുരുതര വൃക്ക, കരൾ രോഗങ്ങളുള്ളവർ തുടങ്ങിയവരെ രോഗലക്ഷണങ്ങൾ തുടങ്ങിയതിനു ശേഷം പതിനാലാം ദിവസം റാപ്പിഡ് ആന്റിജൻ പരിശോധന നടത്തണം. ഫലം നെഗറ്റീവ് ആയാൽ ശരീരതാപം കുറയ്ക്കുന്ന മരുന്നുകൾ ഉപയോഗിക്കാതെ 72 മണിക്കൂറിനുള്ളിൽ പനി ഇല്ലാതിരിക്കുക, ശ്വാസതടസം കുറയുക, ഓക്സിജൻ ആവശ്യമില്ലാത്ത അവസ്ഥ, സുഗമമായ രക്തചംക്രമണം എന്നിങ്ങനെ ആരോഗ്യനില തൃപ്തികരമാണെങ്കിൽ ഡിസ്ചാർജ് ചെയ്യും.

ആരോഗ്യ സ്ഥിതി മോശമാണെങ്കിൽ ആശുപത്രിയിലെ ഭൗതിക സൗകര്യങ്ങൾ അനുസരിച്ച് കോവിഡ് ഐസിയുവിലോ നോൺകോവിഡ് ഐസിയുവിലോ പ്രവേശിപ്പിക്കുക. റാപ്പിഡ് ആന്റിജൻ പരിശോധനാഫലം പോസിറ്റീവ് ആണെങ്കിൽ നെഗറ്റീവ് ആകുന്നതു വരെ ഓരോ 48 മണിക്കൂറിലും പരിശോധന നടത്തുകയും നെഗറ്റീവ് ആകുമ്പോൾ ഡിസ്ചാർജ് ആക്കുകയും ചെയ്യും.

# 54 പേർക്ക് കൂടി ഒമിക്രോൺ സ്ഥിരീകരിച്ചു

സംസ്ഥാനത്ത് 54 പേർക്ക് കൂടി ഒമിക്രോൺ സ്ഥിരീകരിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ് അറിയിച്ചു. തിരുവനന്തപുരം 8, എറണാകുളം, തൃശൂർ, മലപ്പുറം, കണ്ണൂർ 6 വീതം, കൊല്ലം, കോട്ടയം 5 വീതം, ആലപ്പുഴ 4, കോഴിക്കോട് 3, പാലക്കാട് 2, വയനാട്, കാസർഗോഡ് 1 വീതം പേർക്കാണ് ഒമിക്രോൺ സ്ഥിരീകരിച്ചത്. ഒരാൾ യുഎഇയിൽ നിന്നും വന്ന കർണാടക സ്വദേശിയാണ്. 35 പേർ ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും 7 പേർ ഹൈ റിസ്ക് രാജ്യത്തിൽ നിന്നും വന്നതാണ്. ഒരാൾ മറ്റ് സംസ്ഥാനത്ത് നിന്നും വന്നതാണ്. 11 പേർക്ക് സമ്പർക്കത്തിലൂടെയാണ് ഒമിക്രോൺ ബാധിച്ചത്. തിരുവനന്തപുരം 5, കൊല്ലം 3, ആലപ്പുഴ, കോട്ടയം, എറണാകുളം ഒന്ന് വീതം എന്നിങ്ങനെയാണ് സമ്പർക്കത്തിലൂടെ ഒമിക്രോൺ ബാധിച്ചത്.

സംസ്ഥാനത്ത് ആകെ 761 പേർക്കാണ് ഒമിക്രോൺ സ്ഥിരീകരിച്ചത്. ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും 518 പേരും ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും ആകെ 115 പേരും എത്തിയിട്ടുണ്ട്. 99 പേർക്കാണ് ആകെ സമ്പർക്കത്തിലൂടെ രോഗം ബാധിച്ചത്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്ന 29 പേരാണുള്ളത്.

# കോവിഡ് പ്രതിരോധത്തിന് കൂടുതൽ ജാഗ്രത വേണം: കെ.എൻ.ബാലഗോപാൽ

കോവിഡ് വ്യാപനം രൂക്ഷമാകുന്ന സാഹചര്യത്തിൽ രോഗബാധ നിയന്ത്രിക്കുന്നതിന് പൊതുജനങ്ങളുടെ ഭാഗത്തു നിന്നുള്ള ജാഗ്രത വേണമെന്ന് ധനകാര്യ മന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു. ജില്ലയിലെ കോവിഡ് സാഹചര്യം വിലയിരുത്തുന്നതിന് ഓൺലൈനായി ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സർക്കാർ നിയന്ത്രണങ്ങളും മാർഗനിർദ്ദേശങ്ങളും നിലവിലുണ്ടെങ്കിലും രോഗം വരുന്നത് നിസാരമായി കാണുന്ന പ്രവണത രോഗവ്യാപനത്തിന് കാരണമാകും. ജില്ലയിലെ പ്രതിരോധ പ്രവർത്തനത്തിനുള്ള സംവിധാനങ്ങളും അടിയന്തര സാഹചര്യം നേരിടുന്നതിനുള്ള ആശുപത്രി സൗകര്യവും തൃപ്തികരമാണെന്നും മന്ത്രി പറഞ്ഞു. സ്വകാര്യ ആശുപത്രികളിലടക്കം അമ്പത് ശതമാനം കിടക്ക ഒഴിച്ചിടുന്നതും പഞ്ചായത്തുകളിലെ ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളുടെ ക്രമീകരണവും ആവശ്യമാകുമെന്ന് മൃഗ സംരക്ഷണ മന്ത്രി ജെ.ചിഞ്ചു റാണി പറഞ്ഞു. സർക്കാർ നിർദ്ദേശമനുസരിച്ചുള്ള നിയന്ത്രണങ്ങൾ ജില്ലയിൽ കർശനമായി നടപ്പാക്കുമെന്ന് ജില്ലാ കളക്ടർ അഫ്സാന പർവീൺ അറിയിച്ചു. കോവിഡ് ചികിത്സയ്ക്ക് സൗകര്യമൊരുക്കുന്നതിനൊപ്പം മറ്റ് രോഗങ്ങൾക്കുള്ള ചികിത്സാസൗകര്യം തടസപ്പെടാതിരിക്കാനും ശ്രദ്ധിക്കണമെന്ന് എ.എം.ആരിഫ് എം.പി. പറഞ്ഞു, കൊടിക്കുന്നിൽ സുരേഷ് എം.പിയുടെ പ്രതിനിധി എബ്രഹാം സാമുവൽ, സി.ആർ.മഹേഷ് എം.എൽ.എയുടെ പ്രതിനിധി, മേയർ പ്രസന്ന ഏണസ്റ്റ്, സിറ്റി പോലീസ് കമ്മിഷണർ ടി.നാരായണൻ, റൂറൽ എസ്.പി. കെ.ബി.രവി, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.ബിന്ദു മോഹൻ തുടങ്ങിയവർ പങ്കെടുത്തു.

# ഐഎൻഎസ് രൺവീർ: അപകടകാരണം ഫ്രിയോൺ വാതകചോർച്ച

ന്യൂഡൽഹി: നാവികസേനാ യുദ്ധക്കപ്പലായ ഐഎൻഎസ് രൺവീറിലെ പൊട്ടിത്തെറിയിൽ പ്രാഥമിക അന്വേഷണ റിപ്പോർട്ട് പുറത്തുവന്നു. പൊട്ടിത്തെറി ആയുധങ്ങൾ കൊണ്ടോ യുദ്ധസാമഗ്രികൾ കൊണ്ടോ അല്ല. കപ്പലിലെ ആളൊഴിഞ്ഞ എസി കമ്പാർട്ട്മെന്റിലാണ് പൊട്ടിത്തെറിയുണ്ടായത്. ഫ്രിയോൺ വാതകച്ചോർച്ചയാണ് അപകടകാരണമെന്നും പ്രാഥമിക അന്വേഷണ റിപ്പോർട്ടിൽ പറയുന്നു. കൊളാബാ പൊലീസ് അപകടമരണത്തിന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

എസി പ്ലാന്റിന്റെ മുകളിലെ മെസിലുണ്ടായിരുന്നവരാണ് അപകടത്തിൽ പെട്ടത്. അപകടത്തിൽ മൂന്ന് പേർ മരിക്കുകയും 11 പേർക്ക് പരുക്കേൽക്കുകയും ചെയ്തു. മാസ്റ്റർ ചീഫ് പെറ്റി ഓഫീസർ കൃഷ്ണൻ കുമാർ, മാസ്റ്റർ ചീഫ് പെറ്റി ഓഫീസർ സുരേന്ദ്ര കുമാർ, ചീഫ് പെറ്റി ഓഫീസർ എകെ സിംഗ് എന്നിവരാണ് മരിച്ചത്. പരുക്കേറ്റവരുടെ നില ഗുരുതരമല്ല.

തിങ്കളാഴ്ച വൈകുന്നേരം 4.30 ഓടെയാണ് അപകടമുണ്ടായത്. 1986ൽ കമ്മിഷൻ ചെയ്ത ഐഎൻഎസ് രൺവീറിനെ കഴിഞ്ഞ വർഷം ഒക്ടോബർ മുതൽ കിഴക്കൻ നേവൽ കമാൻഡിലാണ് വിന്യസിച്ചിരുന്നത്. നിലവിലെ നാവിക മേധാവി അഡ്മിറൽ ആർ ഹരികുമാർ ഐഎൻഎസ് രൺവീറിന്റെ കമാൻഡറായി തുടക്കകാലത്ത് പ്രവർത്തിച്ചിരുന്നു.

## ഹിജാബ് ധരിക്കുന്നത് അച്ചടക്ക ലംഘനമെന്ന് കർണാടക മന്ത്രി

ബംഗളൂരു: ഹിജാബ് ധരിക്കുന്നത് കോളേജിലെ അച്ചടക്ക ലംഘനമാണെന്ന് കർണാടക വിദ്യാഭ്യാസ മന്ത്രി ബി സി നാഗേഷിന്റെ പ്രസ്താവന വിവാദമായി. കർണാടകയിലെ ഉഡുപ്പി കോളജിൽ ഹിജാബ് ധരിച്ച് ക്ലാസിൽ ഇരിക്കാൻ അനുവദിക്കാത്തതിനെ തുടർന്ന് വിദ്യാർത്ഥിനികൾ പ്രതിഷേധം നടത്തുന്ന സാഹചര്യത്തിലാണ് മന്ത്രിയുടെ പ്രസ്താവന. ഇതിനെതിരെ വിവിധ മുസ്!ലിം സംഘടനകളും മനുഷ്യാവകാശ സംഘടനകളും രാഷ്ട്രീയ പാർട്ടികളും രംഗത്തെത്തി.

കോളജ് കവാടത്തിൽ പ്ലക്കാർഡുകളേന്തി വിദ്യാർഥിനികൾ പ്രതിഷേധിച്ചു. മൂന്നാഴ്ചയായി ഹിജാബിന്റെ പേരിൽ കോളജിൽ സമരം തുടരുകയാണ്. കോളജിൽ മുമ്പ് ഹിജാബ് അനുവദിച്ചിരുന്നുവെന്നും തങ്ങളെ ഹിജാബ് ധരിക്കുന്നതിൽ നിന്ന് തടയുന്നത് മൗലികാവകാശ ലംഘനമാണെന്നും വിദ്യാർത്ഥിനികൾ ചൂണ്ടിക്കാണിക്കുന്നു.

# റിപ്പബ്ലിക് ദിനാഘോഷത്തിന് കർശന കോവിഡ് പ്രോട്ടോക്കോൾ

തിരുവനന്തപുരം: കോവിഡ് വ്യാപനം കണക്കിലെടുത്ത് ഇത്തവണത്തെ റിപ്പബ്ലിക് ദിനാഘോഷ ചടങ്ങുകളിൽ കർശന മാനദണ്ഡങ്ങൾ പാലിക്കണമെന്നു നിർദേശിച്ച് പൊതുഭരണ വകുപ്പ് സർക്കുലർ. ആഘോഷ പരിപാടികളിൽ ആൾക്കൂട്ടം ഒഴിവാക്കണമെന്നും പങ്കെടുക്കുന്നവരെല്ലാവരും നിർബന്ധമായും മാസ്ക് ധരിക്കൽ, സാനിറ്റൈസേഷൻ, സാമൂഹിക അകലം എന്നിവ കൃത്യമായി പാലിക്കണമെന്നും നിർദേശമുണ്ട്.

തിരുവനന്തപുരത്ത് നടക്കുന്ന സംസ്ഥാനതല റിപ്പബ്ലിക് ദിനാഘോഷത്തിൽ രാവിലെ ഒമ്പതിന് ഗവർണർ ദേശീയപതാക ഉയർത്തും. നൂറിൽ കൂടാതെയുള്ള ക്ഷണിക്കപ്പെട്ടവരെ പങ്കെടുപ്പിച്ചാകും പരിപാടി. ജില്ലാതലത്തിൽ രാവിലെ ഒമ്പതിനു ശേഷം നടക്കുന്ന ചടങ്ങിൽ അതതു മന്ത്രിമാർ ദേശീയ പതാക ഉയർത്തും. പരമാവധി അമ്പതു പേരെ മാത്രമേ ഈ ചടങ്ങുകളിൽ പങ്കെടുപ്പിക്കാവൂ. സബ് ഡിവിഷണൽ, ബ്ലോക്ക് തലത്തിൽ നടക്കുന്ന പരിപാടിയിലും ക്ഷണിതാക്കളുടെ എണ്ണം 50 ൽ കൂടാൻ പാടില്ല. പഞ്ചായത്ത്, മുനിസിപ്പൽ, കോർപറേഷൻ തലത്തിലെ പരിപാടിക്ക് 25 പേരിൽ കൂടുതൽ അധികരിക്കരുതെന്നും സർക്കുലറിൽ നിർദേശിക്കുന്നു. സർക്കാർ സ്ഥാപനങ്ങളിലും മറ്റ് ഓഫീസുകളിലും റിപ്പബ്ലിക് ദിനാഘോഷ പരിപാടി സംഘടിപ്പിക്കുമ്പോഴും 25 പേരിൽ അധികരിക്കരുത്.

ആഘോഷ പരിപാടികളിൽ പൊതുജനങ്ങൾ, കുട്ടികൾ, മുതിർന്ന പൗരൻമാർ എന്നിവരെ അനുവദിക്കരുത്. പരിപാടികൾ നടക്കുന്ന സ്ഥലങ്ങളിലേക്കുള്ള പ്രവേശന കവാടങ്ങളിൽ തെർമൽ സ്കാനിങ് സൗകര്യം ഏർപ്പെടുത്തണം. ആഘോഷ പരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കണമെന്നും പ്ലാസ്റ്റിക് കൊണ്ടു നിർമ്മിച്ച ദേശീയ പതാകയുടെ നിർമ്മാണം, വിതരണം, വില്പന, ഉപയോഗം എന്നിവ സംസ്ഥാനത്ത് നിരോധിച്ചിട്ടുള്ളതായും സർക്കുലറിൽ വ്യക്തമാക്കുന്നു.

## പുതിയ റബർ, സ്പൈസസ് നിയമങ്ങൾ ഭരണഘടനാ വിരുദ്ധം: പി സി തോമസ്

കോട്ടയം: പുതിയ റബർ, ഏലം, തേയില, കാപ്പി നിയമങ്ങൾ ഭരണഘടനാവിരുദ്ധമെന്ന് മുൻ എംപിയും കേരള കോൺഗ്രസ് നേതാവുമായ പി സി തോമസ്. റബർ, ഏലം, കാപ്പി, തേയില എന്നിവയുമായി ബന്ധപ്പെട്ട് നിലവിലുള്ള കേന്ദ്ര നിയമങ്ങൾ പൂർണമായും റദ്ദാക്കിക്കൊണ്ട്, നാല് പുതിയ നിയമങ്ങൾ ഏറെ തിടുക്കത്തിൽ കേന്ദ്രസർക്കാർ കൊണ്ടുവരികയാണ്. അവയുടെ ഡ്രാഫ്റ്റ് ജനുവരി 10 ന് ഓൺലൈനിൽ പ്രസിദ്ധീകരിച്ചിരുന്നു. ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ഇന്ന് വൈകുന്നേരത്തിനകം മുമ്പ് സമർപ്പിക്കാമെന്നാണ് അറിയിപ്പ്.

കാർഷികമേഖലയുടെ പ്രശ്നങ്ങൾ കൂടി കാര്യക്ഷമമായി നോക്കുവാനും കർഷകർക്കുകൂടി പങ്കാളിത്തം നൽകത്തക്ക വിധത്തിലും ഈ നാല് കൃഷിയുമായി ബന്ധപ്പെട്ട് നാല് ബോർഡുകൾ കേന്ദ്ര സർക്കാർ തലത്തിൽ ഉണ്ടായിരുന്നു. എന്നാൽ നിയമം പ്രാബല്യത്തിലെത്തുന്നതോടെ അവ പൂർണമായും ഇല്ലാതാക്കുകയാണ്. പകരം വയ്ക്കുന്ന ബോർഡുകൾ രൂപപ്പെടുമ്പോൾ നേരത്തെ ഉണ്ടായിരുന്ന ബോർഡുകളുടെ അധികാരങ്ങളും അവകാശങ്ങളും പൂർണമായും ഈ നിയമങ്ങളിൽ ഉടനീളം കാണാൻ കഴിയുന്നതെന്നും പി സി തോമസ് ചൂണ്ടിക്കാട്ടി.

# യുപി തെരഞ്ഞെടുപ്പ്; കോൺഗ്രസ് പ്രകടന പത്രിക പുറത്തിറക്കി

ന്യൂഡൽഹി: ഉത്തർപ്രദേശ് നിയമസഭാ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് കോൺഗ്രസ് പ്രകടന പത്രിക പുറത്തിറക്കി. ഡൽഹിയിലെ എഐസിസി ആസ്ഥാനത്ത് വച്ച് നടന്ന ചടങ്ങിൽ രാഹുൽ ഗാന്ധിയും പ്രിയങ്കാ ഗാന്ധിയുമാണ് പത്രിക പുറത്തിറക്കിയത്.

യുപിയിൽ അധികാരത്തിലെത്തിയാൽ 20 ലക്ഷത്തിലധികം യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നതാണ് പ്രകനപത്രികയിലെ ഒരു വാഗ്ദാനം.

പ്രാദേശിക വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുമെന്നും സ്കോളർഷിപ്പ് വിതരണത്തിനായി ഏകജാലക സംവിധാനം കൊണ്ടുവരുമെന്നും പ്രിയങ്ക പറഞ്ഞു.

## പി.എസ്.സി കോച്ചിംഗ് ക്ലാസ്

പാലോട് ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡെവലപ്മെന്റ് സെന്റർ കേന്ദ്രമാക്കി ഉദ്യോഗാർത്ഥികൾക്കായി സൗജന്യ പി എസ് സി ഓൺലൈൻ ക്ലാസ് ഫെബ്രുവരി മൂന്നിന് ആരംഭിക്കും. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജനുവരി 31ന് മുമ്പ് പാലോട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ടോ വഴോ ഃ//ളീൃാ.ഴഹല/56എ്സഗ്യേഒസണ4ഷയമ7അ ലിങ്ക് മുഖേന ഓൺലൈനിലോ രജിസ്റ്റർ ചെയ്യണം. ഫോൺ: 0472-2840480.

# കേന്ദ്രം നിരസിച്ച റിപ്പബ്ലിക് ദിന ടാബ്ലോ തമിഴ്നാട്ടിലുടനീളം പ്രദർശിപ്പിക്കും

ചെന്നൈ: കേന്ദ്രസർക്കാർ നിരസിച്ച സംസ്ഥാനത്തിന്റെ റിപ്പബ്ലിക് ദിന ടാബ്ലോ സംസ്ഥാനത്തുടനീളം പ്രദർശിപ്പിക്കുമെന്ന് തമിഴ്നാട് മുഖ്യമന്ത്രി എംകെ സ്റ്റാലിൻ പറഞ്ഞു. തമിഴ്നാട്ടിലെ വിമോചന സമര ചരിത്രം മൂടിവെക്കാനുള്ള ഒരു ശ്രമവും നടക്കില്ലെന്നും സാമ്രാജ്യത്വത്തിനെതിരായ ചെറുത്തുനില്പിന്റെ പ്രതീകമായ അലങ്കാര വാഹനം റിപ്പബ്ലിക് ദിനത്തിൽ ചെന്നൈയിലും തുടർന്ന് തമിഴ്നാട്ടിലുടനീളവും പ്രദർശിപ്പിക്കുമെന്നും സ്റ്റാലിൻ ടിറ്ററിൽ കുറിച്ചു.

റിപ്പബ്ലിക് ദിന ടാബ്ലോ പ്രതിരോധ മന്ത്രാലയം നിരസിച്ചതിൽ കടുത്ത നിരാശനാണെന്ന് സ്റ്റാലിൻ പ്രധാനമന്ത്രിക്ക് അയച്ച കത്തിൽ പറഞ്ഞിരുന്നു. കേന്ദ്രത്തിന്റെ ആഹ്വാനപ്രകാരമാണ് സ്വാതന്ത്ര്യ സമരത്തിൽ തമിഴ്നാട് എന്ന വിഷയം സംസ്ഥാനം തിരഞ്ഞെടുത്തതെന്നും അദ്ദേഹം പറഞ്ഞിരുന്നു.

എന്നാൽ തമിഴ്!നാടിന്റെ ടാബ്ലോ മൂന്ന് റൗണ്ട് തിരഞ്ഞെടുപ്പുകളിലൂടെ കടന്നുപോയെങ്കിലും അന്തിമ പട്ടികയിൽ ഇടം നേടാൻ കഴിഞ്ഞില്ലെന്ന് പ്രതിരോധ മന്ത്രി രാജ്നാഥ് സിങ് സ്റ്റാലിന് എഴുതിയിരുന്നു. ഡൽഹിയിലെ ആഘോഷങ്ങളിൽ തമിഴ്!നാടിന്റെ പങ്കാളിത്തം നിഷേധിച്ചതിന് കേന്ദ്രം വ്യക്തമായ കാരണം പറയാത്തതിൽ ഖേദമുണ്ടെന്ന് സിങിന് സ്റ്റാലിൻ മറുപടി നൽകിയതായി ഇന്ത്യൻ എക്സ്പ്രസ് റിപ്പോർട്ട് ചെയ്തു.

# ഇന്ത്യയിൽനിന്ന് അമേരിക്കയിലേക്കുള്ള വിമാനസർവീസുകൾ വെട്ടിക്കുറച്ച് എയർ ഇന്ത്യ.

ജനുവരി 19 മുതൽ യുഎസിലേക്കുള്ള സർവീസുകൾ വെട്ടിക്കുറയ്ക്കുയോ പുനഃക്രമീകരിക്കുകയോ ചെയ്തതായി എയർ ഇന്ത്യ ടിറ്ററിൽ അറിയിച്ചു.

5ജി സേവനം നടപ്പാക്കുമ്പോൾ വ്യോമയാന പ്രതിസന്ധി ഉണ്ടാകുമെന്ന് യുഎസ് എയർലൈൻ മേധാവിമാർ കഴിഞ്ഞദിവസം മുന്നറിയിപ്പ് നൽകിയതിനു പിന്നാലെയാണു നടപടി. ഡൽഹി എയർപോർട്ടിൽ നിന്നും സാൻഫ്രാൻസിസ്കോ, ചിക്കാഗോ, ജോൺ എഫ് കെന്നഡി എന്നിവിടങ്ങളിൽ നിന്നുള്ള വിമാന സർവീസുകളും മുംബൈയിൽ നിന്ന് നെവാർക്കിലേക്കുള്ള വിമാനവും റദ്ദാക്കിയിട്ടുണ്ട്. മറ്റ് പല പ്രമുഖ അന്താരാഷ്ട്ര എയർലൈനുകളും യുഎസിലേക്കുള്ള വിമാനങ്ങൾ പുനഃക്രമീകരിക്കുകയോ റദ്ദാക്കുകയോ ചെയ്തിട്ടുണ്ട്.

യുഎസ് സർക്കാർ നടപ്പാക്കുന്ന പുതിയ 5 ജി സേവനങ്ങൾ വിമാന സർവീസിനെ അപകടത്തിലാക്കാൻ സാധ്യതയുണ്ടെന്നാണ് ഒരു വിഭാഗത്തിന്റെ വിലയിരുത്തൽ. റൺവേയുടെ അടുത്ത് 5ജി സംവിധാനങ്ങൾ സ്ഥാപിച്ചാൽ, 5ജി തരംഗങ്ങൾ വിമാനങ്ങളിലെ ആശയവിനിമയത്തിനു തടസമുണ്ടാക്കും. ടേക്ക് ഓഫ്, ലാൻഡിങ്, കാലാവസ്ഥാ നിരീക്ഷണം തുടങ്ങിയ സുപ്രധാന സുരക്ഷാ കാര്യങ്ങളെ 5ജി ദോഷകരമായി ബാധിക്കാമെന്നും വിലയിരുത്തലുകളുണ്ട്.

# 159.91 കോടിയിൽ അധികം വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നൽകി

ന്യൂഡൽഹി: രാജ്യത്തൊട്ടാകെ കോവിഡ്19 പ്രതിരോധ കുത്തിവയ്പ് അതിവേഗത്തിൽ നൽകുന്നതിന് കേന്ദ്ര ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. എല്ലാവർക്കും കോവിഡ്19 പ്രതിരോധ കുത്തിവയ്പു നൽകുന്ന പുതിയ ഘട്ടത്തിന് രാജ്യത്ത് 2021 ജൂൺ 21നാണ് തുടക്കമായത്. പ്രതിരോധ മരുന്നു കൂടുതൽ ലഭ്യമാക്കിയതും, സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും മരുന്നുലഭ്യത മുൻകൂട്ടി അറിയാൻ കഴിഞ്ഞതും മികച്ച ആസൂത്രണത്തിനും വിതരണശൃംഖല സുതാര്യമാക്കുന്നതിനും സഹായിച്ചു.

രാജ്യവ്യാപക പ്രതിരോധ കുത്തിവയ്പു പരിപാടിയുടെ ഭാഗമായി, സൗജന്യമായി വാക്സിനുകൾ നൽകി കേന്ദ്ര ഗവണ്മെന്റ് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും പിന്തുണ നൽകി വരികയാണ്. കോവിഡ്19 പ്രതിരോധ കുത്തിവയ്പ് പരിപാടിയുടെ പുതിയ ഘട്ടത്തിൽ വാക്സിനുകളുടെ 75% കേന്ദ്ര ഗവണ്മെന്റ് സംഭരിക്കും. ഇങ്ങനെ സംഭരിക്കുന്ന വാക്സിനുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും സൗജന്യമായി നൽകും.

കേന്ദ്ര ഗവണ്മെന്റ് സൗജന്യമായി ലഭ്യമാക്കിയതും സംസ്ഥാനങ്ങൾ നേരിട്ട് സംഭരിച്ചതുമുൾപ്പടെ ഇതുവരെ 159.91 കോടിയിലധികം (1,59,91,02,495) വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കൈമാറിയിട്ടുണ്ട്.

12.73 കോടിയിൽ അധികം (12,73,96,806) കോവിഡ് വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും പക്കൽ ഇപ്പോഴും ലഭ്യമാണ്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.